2024 DECEMBER
17
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഇന്ത്യാവിരുദ്ധ പ്രവർത്തനങ്ങൾ ശ്രീലങ്കൻ മണ്ണിൽ വച്ചുപൊറുപ്പിക്കില്ല: കുമാര ദിസനായക

**കൊളംബോ:** ഇന്ത്യയുടെ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന ഒരു തരത്തിലുള്ള പ്രവർത്തനങ്ങളും ശ്രീലങ്കയുടെ മണ്ണിൽ അനുവദിക്കില്ലെന്ന് ലങ്കൻ പ്രസിഡൻറ് അനുര കുമാര ദിസനായക. ഇന്ത്യയെ ലക്ഷ്യമിട്ട് ചൈനയുടെ മിഷൻ ഇന്ത്യൻ ഓഷൻ പുരോഗമിക്കുന്ന പശ്ചാത്തലത്തിലാണ് ഈ ഉറപ്പ്.



ചൈനയിൽ നിന്ന് പണം വാങ്ങി ശ്രീലങ്കയിലെ ഹംബൻടോട്ടയിൽ നിർമിച്ച തുറമുഖം, വായ്പ തിരിച്ചടയ്ക്കാത്തതിനാൽ ഇപ്പോൾ ചൈനയുടെ നിയന്ത്രണത്തിലാണ്. ചൈനയുടെ നാവിക സേനാ കപ്പലുകളും ചാരനിരീക്ഷണ കപ്പലുകളും ഇവിടെ നങ്കൂരമിടുന്നുണ്ട്.

ഉപഗ്രഹങ്ങളും ബാലിസ്റ്റിക് മിസൈലുകളും നിരീക്ഷിക്കാൻ ശേഷിയുള്ള യുവാൻ വാങ് 5 എന്ന ചൈനീസ് കപ്പൽ കഴിഞ്ഞ രണ്ടു വർഷത്തിനിടെ പലവട്ടം ഇവിടെ നങ്കൂരമിട്ടിരുന്നു. 2022 ഓഗസ്റ്റിൽ ഇന്ത്യ ഇക്കാര്യത്തിൽ ആശങ്ക അറിയിച്ചതിനെത്തുടർന്ന്, കപ്പൽ അടുപ്പിക്കാൻ ശ്രീലങ്ക ചൈനയ്ക്ക് അനുമതി നിഷേധിച്ചിരുന്നു. എന്നാൽ, പിന്നീട് ചൈനീസ് സമ്മർദത്തിനു വഴങ്ങി അനുമതി നൽകാൻ അവർ നിർബന്ധിതരാകുകയും ചെയ്തു. അതിനു ശേഷം ചൈനീസ് നിരീക്ഷണ കപ്പലുകൾ നിരന്തരം ഇന്ത്യൻ മഹാസമുദ്രത്തിൽ പട്രോളിങ് നടത്തുകയും ഹംബൻടോട്ടയിൽ നങ്കൂരമിടുകയും ചെയ്യുന്നുണ്ട്.

തുറമുഖം നിർമിക്കാൻ 1.7 ബില്യൻ ഡോളറാണ് ചൈനയിൽനിന്ന് ശ്രീലങ്ക കടം വാങ്ങിയിട്ടുള്ളത്. വർഷം 100 മില്യൻ ഡോളർ വീതം തിരിച്ചടയ്ക്കണമെന്നാണ് കരാർ. ഇതിൽ വീഴ്ച വരുത്തിയതിനെത്തുടർന്ന് 99 വർഷത്തെ പാട്ട വ്യവസ്ഥയിൽ തുറമുഖം ചൈന കൈക്കലാക്കിയിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ്, ഇന്ത്യാവിരുദ്ധ പ്രവർത്തനങ്ങൾ അനുവദിക്കില്ലെന്ന ശ്രീലങ്കയുടെ ഉറപ്പ് നിർണായകമാകുന്നത്.




## ജോർജിയയിൽ വിഷവാതകം ശ്വസിച്ച് 11 ഇന്ത്യക്കാർ മരിച്ചു

**ന്യൂഡൽഹി:** ജോർജിയയിലെ മൗണ്ടൻ റിസോർട്ടായ ഗുഡൗരിയിൽ 11 ഇന്ത്യക്കാരുൾപ്പെടെ 12 പേർ വിഷവാതകം ശ്വസിച്ചു മരിച്ചു. ഇന്ത്യൻ റസ്റ്ററൻറിൻറെ മൂന്നാം നിലയിലെ കിടപ്പുമുറിയിലാണു മൃതദേഹങ്ങൾ കണ്ടെത്തിയത്.

ജനറേറ്ററിൽ നിന്നുള്ള കാർബൺ മോണോക്സൈഡ് ആകാം മരണകാരണമെന്നു പ്രാഥമിക നിഗമനം. ജോർജിയൻ പൊലീസ് അന്വേഷണം തുടങ്ങി.

മൃതദേഹങ്ങൾ ഇന്ത്യയിലേക്കെത്തിക്കുമെന്നു ജോർജിയൻ തലസ്ഥാനമായ തബ്‌ലിസിയിലെ ഇന്ത്യൻ എംബസി അറിയിച്ചു. ജോർജിയയിലെ പ്രശസ്തമായ കോക്കസസ് പർവതനിരയുടെ ഭാഗമാണു ഗുഡൗരി.

## മസ്കിന്റെ ആസ്തി 400 ബില്യൺ ഡോളർ കടന്നു, ചരിത്രത്തിൽ ഇതാദ്യം



**മുംബൈ:** സ്പേസ് എക്സ് സ്ഥാപകനും ടെസ്‌ലയുടെ സിഇഒയുമായ എലോൺ മസ്ക് ബ്ലൂംബർഗ് ബില്യണയേഴ്സ് ഇൻഡക്സ് പ്രകാരം 400 ബില്യൺ ഡോളർ ആസ്തി നേടുന്ന ആദ്യ വ്യക്തിയായി.

സ്പേസ് എക്സിൽ ഈയിടെ നടന്ന ഓഹരി വില്പനയാണ് മസ്കിന്റെ ആസ്തിയിൽ കാര്യമായ വർധനവുണ്ടാകാൻ ഇടയാക്കിയത്. ഇതിലൂടെ അദ്ദേഹത്തിന്റെ ആസ്തിയിൽ 50 ബില്യൺ ഡോളറിന്റെ വർധനവുണ്ടായി. സ്പേസ് എക്സിന്റെ മൊത്തം മൂല്യമാകട്ടെ 350 ബില്യൺ ഡോളറിലെത്തുകയും ചെയ്തു. ഇതോടെ ലോകത്തിലെതന്നെ ഏറ്റവും മൂല്യമേറിയ കമ്പനിയായി സ്പേസ് എക്സ് മാറുകയും ചെയ്തു.

സ്പേസ് എക്സിന്റെ ഓഹരി വില്പനയും ടെസ്‌ലയുടെ ഓഹരി വിലയിലെ കുതിപ്പും മസ്കിന്റെ ആസ്തി 447 ബില്യൺ ഡോളറാകാൻ സഹായിച്ചു. ടെസ്‌ലയുടെ ഓഹരി വില എക്കാലത്തെയും ഉയർന്ന നിലവാരമായ 415 ഡോളറിലേക്കാണ് ഈയിടെ ഉയർന്നത്.

യുഎസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ട്രംപ് തിരഞ്ഞെടുക്കപ്പെട്ടതിന് പിന്നാലെയാണ് ടെസ്‌ലയുടെ ഓഹരി വിലയിൽ 65 ശതമാനം കുതിപ്പ് രേഖപ്പെടുത്തിയത്. മസ്കിന്റെ ആസ്തിയിലേയ്ക്ക് ശതകോടികളാണ് ഇത് കൂട്ടിച്ചേർത്തത്.

മസ്കിന്റെതന്നെ നിർമിത ബുദ്ധി കമ്പനിയായ എക്സ്എഐയുടെ മൂല്യവും കുത്തനെ ഉയർന്നു. അത്യാധുനിക എഐ സങ്കേതങ്ങൾ വികസിപ്പിക്കാനുള്ള ശ്രമത്തിനിടെ കമ്പനി ആഗോള നിക്ഷേപകരുടെ ശ്രദ്ധാകേന്ദ്രമായിക്കഴിഞ്ഞു.

ഡിസംബർ 10ലെ കണക്കുപ്രകാരം ബ്ലൂംബർഗ് ബില്യണയർ സൂചികയിലെ ഏറ്റവും ധനികനായ രണ്ടാമത്തെ വ്യക്തി ജെഫ് ബെസോസ് ആണ്. ബെസോസിനേക്കാൾ 140 ബില്യൺ ഡോളറിന്റെ ആസ്തി മസ്കിന് കൂടുതലുണ്ട്.





# ബൈസന്റെൻ ക്ലബ്ബിന്റെ പുതിയ ഭാരവാഹികൾ ചുമതലയേറ്റു

**കോലഞ്ചേരി:** ബൈസന്റെൻ ഫുട്ബോൾ ക്ലബ്ബിന്റെ പുതിയ ഭാരവാഹികൾ ചുമതലയേറ്റു. കോലഞ്ചേരി സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ ക്ലബ്ബ് രക്ഷാധികാരി ഡോ. വിജു ജേക്കബിന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ, ക്ലബ്ബ് പ്രസിഡന്റ് ബാബു വർഗീസ്, ജനറൽ സെക്രട്ടറി പി ഒ ജോബിൻ, ട്രഷറർ അജ്മൽ പി എ, വൈസ് പ്രസിഡന്റ് കെ എക്സ് ബിജു, ജോയിൻറ് സെക്രട്ടറി മുസ്തഫ അറഫാത് എന്നിവരാണ് ചുമതലയേറ്റത്.ചടങ്ങിൽ മുൻ ഇന്ത്യൻ ഫുട്ബോൾ താരം എം എം ജേക്കബ് മുഖ്യാതിഥിയായി പങ്കെടുത്തു. പൂതൃക്ക സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് അനി ബെൻ കുന്നത്ത്,ഫാ. മാത്യു ജേക്കബ് മണലേൽചിറ കോലഞ്ചേരി പ്രസ് ക്ലബ് പ്രസിഡന്റ് പ്രദീപ് എബ്രഹാം, മുതിർന്ന മാധ്യമ പ്രവർത്തകൻ എം വി ശശിധരൻ, സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ് സത്യവൃതൻ എം കെ തുടങ്ങിയവർ ആശം സകൾ അർപ്പിച്ച് സംസാരിച്ചു. 2004 ൽ ആരംഭിച്ച ബൈസന്റെൻ ക്ലബ്ബ് നിലവിൽ എറണാകുളം ജില്ല സൂപ്പർ ഡിവിഷൻ ലീഗിലാണ് കളിക്കുന്നത്.കടയിരിപ്പ് സെന്റ് പീറ്റേഴ്സ് സീനിയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിലും, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് ഗ്രൗണ്ടിലുമാണ് ടീം പരിശീലനം നടത്തുന്നത്. നാല് വർഷമാണ് ഭരണസമിതിയുടെ കാലാവധി.മീമ്പാറയിൽ ക്ലബ്ബിനായി വാങ്ങിയിരിക്കുന്ന സ്ഥലത്ത് ദക്ഷിണേന്ത്യയിലെ മികച്ച ഫുട്ബോൾ അക്കാദമി രൂപീകരിക്കുവാനാണ് ക്ലബ്ബ് ലക്ഷ്യമിടുന്നത്. അതിന് മുന്നോടിയായി കോലഞ്ചേരി, മുവാറ്റുപുഴ മേഖലകളിലെ സ്കൂളുകളും, കോളേജുകളുമായി സഹകരിച്ച്, ഉടൻ തന്നെ വൈകുന്നേരങ്ങളിൽ കോച്ചിംഗ് ക്യാമ്പുകൾ ആരംഭിക്കുി. ക്ലബുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് 9847129794, 9061753975 എന്നീ നമ്പറുകളിൽ ബന്ധപ്പെടണമെന്ന് ഭാരവാഹികൾ അറിയിക്കുന്നു.

# മീനച്ചിൽ മലങ്കര ജലപദ്ധതി: നീലൂർ ശുദ്ധീകരണശാലയ്ക്ക് ശിലയിട്ടു

**നീലൂർ :** മീനച്ചിൽമലങ്കര ജലപദ്ധതി യാഥാർഥ്യമാകുന്നതോടെ മീനച്ചിൽ താലൂക്കിലെ ശുദ്ധജല പ്രശ്നത്തിനു പരിഹാരമാകുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. ജല അതോറിറ്റി നടപ്പാക്കുന്ന ഏറ്റവും വലിയ ജല ശുദ്ധീകരണശാലയുടെ ശിലാസ്ഥാപനം നീലൂരിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.വേനലിൽ കടുത്ത ശുദ്ധജല ക്ഷാമം നേരിടുന്ന മീനച്ചിൽ താലൂക്കിന്റെ ദാഹം അകറ്റുക എന്നതാണ് മീനച്ചിൽമലങ്കര ജലപദ്ധതിയുടെ ലക്ഷ്യം. 45 ദശലക്ഷം ലീറ്റർ വെള്ളം നീലൂരിലെ ആധുനിക പ്ലാന്റിൽ ശുദ്ധീകരിക്കാൻ കഴിയും. വൈദ്യുതി ഉൽപാദനത്തിനു ശേഷം തുറന്നു വിടുന്ന വെള്ളത്തിന്റെ ഒരു ഭാഗം മാത്രമാണ് പദ്ധതിക്കായി പ്രയോജനപ്പെടുത്തുന്നത്. ഇവിടെ ഏതു സമയത്തും ജല ലഭ്യത ഉറപ്പാണ്. മീനച്ചിൽ റിവർ വാലി പദ്ധതിയും നടപ്പാക്കും. മലങ്കരയിൽ വെള്ളം കുറയുമെന്ന് ചിലർ പ്രചാരണം നടത്തുന്നതിൽ യാതൊരു വസ്തുതയുമില്ല.

മീനച്ചിൽ താലൂക്കിലെ 13 പഞ്ചായത്തുകൾക്കായാണ് ജല വിതരണ പദ്ധതി നടപ്പാക്കുന്നതെന്നും മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു.മുൻ മന്ത്രി പ്രഫ.എൻ.എം.ജോസഫാണ് നീലൂർ പദ്ധതിക്കു തുടക്കം കുറിച്ചതെന്നും പദ്ധതിക്ക് പ്രഫ.എൻ.എം.ജോസഫിന്റെ പേരിടണമെന്നും സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച മാണി സി.കാപ്പൻ എംഎൽഎ പറഞ്ഞു. ജോസ് കെ.മാണി എംപി, സെബാസ്റ്റ്യൻ കുളത്തുങ്കൽ എംഎൽഎ, പാലാ നഗരസഭാധ്യക്ഷൻ ഷാജു വി.തുരുത്തൻ, ജില്ല പഞ്ചായത്തംഗം രാജേഷ് വാളിപ്ലാക്കൽ, ജീവൻ ബാബു, ഷാജി പാമ്പൂരി, മറിയാമ്മ ഫെർണാണ്ടസ്, ജിജി തമ്പി, ആനന്ദ് ചെറുവള്ളി, മേഴ്സി ദേവസ്യ, ജോസുകുട്ടി ജോസഫ്, ബീന ടോമി, രജനി സുധാകരൻ, കെ.സി.ജയിംസ്, രജനി സുധാകരൻ, എത്സമ്മ തോമസ്, ഗീത നോബിൾ, സ്കറിയ ജോസഫ്, ജോർജ് മാത്യു, ചാർളി ഐസക്, ലിസമ്മ മത്തച്ചൻ, പ്രഫ.ലോപ്പസ് മാത്യു, കുര്യാക്കോസ് ജോസഫ്, പി.കെ.ഷാജകുമാർ എന്നിവർ പ്രസംഗിച്ചു.



# അരുവിത്തുറ കോളജിൽ വജ്ര ജൂബിലി മഹാ പൂർവ വിദ്യാർഥി സംഗമം 29ന്

**അരുവിത്തുറ:** അരുവിത്തുറ സെന്റ് ജോർജസ് കോളജിന്റെ വജ്ര ജൂബിലി ആഘോഷങ്ങളോട് അനുബന്ധിച്ച് മഹാ പൂർവ വിദ്യാർഥി സംഗമം സംഘടിപ്പിക്കുന്നു. 'ഓർമതൻ വാസന്തം' എന്നു പേരിട്ടിരിക്കുന്ന പൂർവ വിദ്യാർഥി സംഗമത്തിന്റെ ഉദ്ഘാടനം 29ാം തിയതി ഞായറാഴ്ച രാവിലെ പത്തരയ്ക്ക് കോളജിലെ പൂർവ വിദ്യാർഥിയും പത്തനംതിട്ട എംപിയുമായ ആന്റോ ആന്റണി നിർവഹിക്കും.

കോളജിന്റെ മുൻ പ്രിൻസിപ്പലും ഷംഷബാദ് രൂപത സഹായ മെത്രാനുമായ മാർ ജോസഫ് കൊല്ലംപറമ്പിൽ ചടങ്ങിൽ മുഖ്യാതിഥി ആയിരിക്കും. കോളജ് മാനേജർ വെരി റവ ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, കോളജ് പ്രിൻസിപ്പൽ പ്രൊഫ.ഡോ.സിബി ജോസഫ്, കോളേജ് ബർസാർ റവ. ഫാ.ബിജു കുന്നയ്ക്കാട്ട്, വൈസ് പ്രിൻസിപ്പൽ ഡോ.ജിലു ആനി ജോൺ, പൂർവ്വ വിദ്യാർഥി സംഘടന പ്രസിഡന്റ് ഡോ. ടി.ടി മൈക്കിൾ തുടങ്ങിയവർ ചടങ്ങിൽ സംസാരിക്കും.

കോളജിലെ പൂർവ അധ്യാപകരും അനധ്യാപകരും ചടങ്ങുകളുടെ ഭാഗമാകും.1965 സ്ഥാപിതമായ അരുവിത്തുറ സെന്റ് ജോർജസ് കോളജിൽ നിന്നും പ്രീഡിഗ്രി, ഡിഗ്രി ,പിജി കോഴ്സുകളിലായി 60,000ത്തിൽ പരം വിദ്യാർഥികൾ വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുണ്ട്. രാജ്യത്തിന് അകത്തും പുറത്തും ഉന്നത പദവികൾ അലങ്കരിക്കുന്ന ഒട്ടേറെ വിശിഷ്ട വ്യക്തിത്വങ്ങളെ സമ്മാനിക്കാൻ അരുവിത്തുറ കോളജിനു കഴിഞ്ഞു.

പരിപാടികൾ വിശദികരിച്ചു നടത്തിയ പത്രസമ്മേളനത്തിൽ കോളജ് പ്രിൻസിപ്പൽ പ്രൊഫ.ഡോ സിബി ജോസഫ് കോളജ് ബർസാർ ഫാ. ബിജു കുന്നയ്ക്കാട്ട് കോളജ് വൈസ് പ്രിൻസിപ്പൽ ഡോ. ജിലു ആനി ജോൺ അലുമിനി അസോസിയേഷൻ പ്രസിഡന്റ് ഡോ.ടി.ടി. മൈക്കിൾ തുടങ്ങിയവർ പങ്കെടുത്തു.



# ബൈസൺവാലിയിൽ വീണ്ടും സൂര്യകാന്തി വസന്തം

**രാജകുമാരി:** ബൈസൺവാലിയിൽ വീണ്ടും സൂര്യകാന്തി വസന്തം. ബൈസൺവാലി രാജാക്കാട് റോഡിൽ നാൽപതേക്കറിനു സമീപമാണ് ഒരേക്കറോളം സ്ഥലത്ത് സൂര്യകാന്തി പൂവിട്ടു നിൽക്കുന്നത്. ബൈസൺവാലി പുതിയവീട്ടിൽ ജിജോയാണ് സ്വന്തം ഭൂമിയിൽ സൂര്യകാന്തി കൃഷി ചെയ്തത്. കഴിഞ്ഞ വർഷം മുട്ടുകാട് പാടശേഖരത്തിൽ പാട്ടത്തിനെടുത്ത അരയേക്കറിലധികം സ്ഥലത്ത് ജിജോ സൂര്യകാന്തി കൃഷി ചെയ്തിരുന്നു. മൂന്നാറിനോടു ചേർന്നുള്ള മുട്ടുകാട്ടിലെ ഈ സൂര്യകാന്തിപ്പാടം കാണാൻ ആയിരക്കണക്കിനു സന്ദർശകരാണ് ഇവിടെയെത്തിയത്. ഇതിൽ നിന്നു പ്രചോദനമുൾക്കൊണ്ടാണ് ജിജോ ഈ വർഷം സ്വന്തം കൃഷിയിടത്തിൽ സൂര്യകാന്തി കൃഷി ചെയ്തത്.തമിഴ്നാട്ടിൽ നിന്നു കിലോഗ്രാമിന് 1500 രൂപ നിരക്കിലാണ് വിത്ത് വാങ്ങിയത്. ഹൈബ്രിഡ് ഇനത്തിലുള്ള വിത്തായതിനാൽ പുനർകൃഷി ചെയ്യാൻ വിത്ത് ലഭിക്കില്ല.

എണ്ണയുണ്ടാക്കാനും അരുമ പക്ഷികൾക്കുള്ള തീറ്റയ്ക്കും മാത്രമാണ് സൂര്യകാന്തി വിത്തുകൾ ഉപയോഗിക്കാൻ കഴിയുക. ബൈസൺ വാലിയിൽ റോഡരികിൽ ഭൂമിയുള്ളവർക്കു സൗജന്യനിരക്കിൽ സൂര്യകാന്തി വിത്തുകൾ നൽകാൻ തയാറാണെന്ന് ജിജോ പറഞ്ഞു. കാർഷിക മേഖല പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി കർഷകർക്കു വരുമാനം ലഭ്യമാക്കുകയെന്ന ലക്ഷ്യമാണ് ജിജോയ്ക്കുള്ളത്.കൃഷി ചെലവുകൾ ഇരട്ടിയായതിനാൽ നിലവിൽ സൂര്യകാന്തിപ്പാടം കാണാനെത്തുന്നവരിൽ നിന്ന് 20 രൂപ വീതം ഫീസ് ഈടാക്കുന്നുണ്ട്. കഴിഞ്ഞ വർഷം സൗജന്യമായാണ് മുട്ടുകാട്ടിലെ തന്റെ സൂര്യകാന്തിപ്പാടം കാണാൻ സന്ദർശകരെ അനുവദിച്ചിരുന്നത്. ഇതു കൂടാതെ മുട്ടുകാട്ടിൽ 2 ഏക്കറിലധികം സ്ഥലം പാട്ടത്തിനെടുത്ത് ജിജോ നെൽക്കൃഷിയും ചെയ്യുന്നുണ്ട്.

# വിദേശത്തുനിന്ന് എംബിബിഎസ് പൂർത്തിയാക്കിയവർക്ക് 2 വർഷത്തെ നിർബന്ധിത ഇന്റേൺഷിപ്പ്: തീരുമാനം ശരിവച്ച് ഹൈക്കോടതി

**കൊച്ചി:** വിദേശരാജ്യങ്ങളിൽനിന്ന് എംബിബിഎസ് പഠനം പൂർത്തിയാക്കി കേരളത്തിലെത്തുന്ന മെഡിക്കൽ വിദ്യാർഥികളുടെ നിർബന്ധിത ഇന്റേൺഷിപ്പ് രണ്ടു വർഷമായി നിശ്ചയിച്ച കേരള മെഡിക്കൽ കൗൺസിൽ തീരുമാനം ഹൈക്കോടതി ശരിവച്ചു. കോവിഡ്, റഷ്യ,യുക്രെയ്ൻ യുദ്ധം മൂലം പഠനത്തിന്റെ അവസാന സമയങ്ങൾ ഓൺലൈനിൽ പൂർത്തിയാക്കിയവർക്കാണ് 2 വർഷത്തെ 'കംപൽസറി റൊട്ടേറ്റിങ് മെഡിക്കൽ ഇന്റേൺഷിപ്' ഏർപ്പെടുത്തിയത്. ഇതു ചോദ്യം ചെയ്ത് യുക്രെയ്നിലെ ഒഡേസ നാഷനൽ മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്ന് എംബിബിഎസ് പാസായ രണ്ടു വിദ്യാർഥിനികൾ നൽകിയ ഹർജി തള്ളിക്കൊണ്ടാണ് ജസ്റ്റിസ് സി.എസ്.ഡയസിന്റെ ഉത്തരവ്. കേരള മെഡിക്കൽ കൗൺസിൽ രണ്ടു വർഷം ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയത് 2021ലെ നാഷനൽ മെഡിക്കൽ കമ്മിഷൻ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു ഹർജി. ഇതുപ്രകാരം വിദേശ സർവകലാശാലയിൽനിന്ന് ഇന്ത്യയിലെ എംബിബിഎസിന് സമാനമായ കോഴ്സ് പൂർത്തിയാക്കിയവർ രണ്ടു വർ!ഷത്തിനുള്ളിൽ 12 മാസത്തിനുള്ളിൽ തീരുന്ന ഇന്റേൺഷിപ് പൂർത്തിയാക്കണം എന്നാണ് വ്യവസ്ഥ. ഇതിനു വിപരീതമാണ് 2 വർഷത്തെ ഇന്റേൺഷിപ് എന്ന വാദം പക്ഷേ കോടതി നിരാകരിച്ചു.

കോവിഡ് സമയത്തെ പഠനകാലയളവിൽ തങ്ങൾ ഓഫ്ലൈൻ ക്ലാസുകളും പരീക്ഷയും സർവകലാശാലയിൽ നിന്ന് പാസായതാണ് എന്ന വാദം സർഥിക്കാൻ! ആവശ്യമായ തെളിവുകൾ ഹാജരാക്കാൻ ഹർജിക്കാർക്ക് കഴിഞ്ഞിട്ടില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. മനുഷ്യജീവനുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നവരാണ് ഡോക്ടർമാർ. എന്നാൽ കോവിഡ് ഉൾപ്പെടെയുള്ള സാഹചര്യങ്ങൾ മൂലം ആവശ്യമായ പരിശീലനം അവർക്ക് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 2 വർഷത്തെ നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയത് ഏകപക്ഷീയമോ തെറ്റോ ആണെന്ന് പറയാൻ കഴിയില്ല. അതിനേക്കാൾ വിദേശത്ത് നിന്ന് പാസായവർക്ക് ആവശ്യമായ പരിശീലനം നൽകാനുള്ള മികച്ച തീരുമാനമായി മാത്രമേ ഇതിനെ കണക്കാക്കാൻ കഴിയൂ എന്ന് സുപ്രീം കോടതി വിധിന്യായങ്ങൾ ഉൾപ്പെടെ ഉദ്ധരിച്ച് കോടതി വ്യക്തമാക്കി.

# പെരുമ്പാവൂർ ബൈപാസ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കും: മന്ത്രി

**കൊച്ചി:** പെരുമ്പാവൂർ ബൈപാസ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് മന്ത്രി പി. എ. മുഹമ്മദ് റിയാസ്. ബൈപാസ് ഒന്നാംഘട്ടത്തിന്റെ നിർമ്മാണ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

301 കോടി രൂപയുടെ പദ്ധതിയാണ് പെരുമ്പാവൂർ ബൈപാസ്. പദ്ധതി പൂർത്തീകരിക്കുന്നതിന് എല്ലാ മാസവും പ്രത്യേക അവലോകനം നടത്തും. ജനസാന്ദ്രതയേറിയ കേരളത്തിലെ അതിവേഗ നഗരവത്ക്കരണം ഗതാഗത പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഇതു പരിഹരിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരികയാണ്. നഗരറോഡ് വികസന പദ്ധതി, ഫ്ളൈ ഓവർ, ജംഗ്ഷൻ നവീകരണം തുടങ്ങിയ പദ്ധതികൾ ഇതിന്റെ ഭാഗമാണ്. തടസമില്ലാത്ത റോഡ് ശൃംഖലയ്ക്ക് രൂപം നൽകുകയാണ് ലക്ഷ്യം. ഇതിന് അനുസൃതമായ പദ്ധതികൾ പെരുമ്പാവൂരിലും നടത്തി വരികയാണ്. നിരത്ത് വിഭാഗത്തിൽ മാത്രം 41.85 കോടി രൂപയുടെ പദ്ധതികൾ ഇവിടെ പൂർത്തിയാക്കി. 20.29 കോടിയുടെ പദ്ധതികൾക്ക് കൂടി അനുമതി നൽകിയിട്ടുണ്ട്. കിഫ്ബി വഴി 12.68 കോടിയുടെ പദ്ധതികൾ പൂർത്തിയാക്കി. പാലങ്ങളുടെ വിഭാഗത്തിൽ 27 കോടിയുടെ മൂന്ന് പദ്ധതികൾ പൂർത്തിയാക്കി. 39.12 കോടി നാല് പദ്ധതികൾ പുരോഗമിക്കുന്നു. വികസന കാര്യത്തിൽ കക്ഷിരാഷ്ട്രീയ ഭേദമന്യേ പ്രവർത്തിക്കുമെന്നും മന്ത്രി പറഞ്ഞു.

ബൈപാസിനായി സ്ഥലം വിട്ടുനൽകിയ ഭൂ ഉടമകളെ ചടങ്ങിൽ ആദരിച്ചു. വ്യവസായിയും സാമൂഹ്യ പ്രവർത്തകനുമായ പൗലോസ് തേപ്പാലയെ മന്ത്രി ആദരിച്ചു. തോമസ് വട്ടോപ്പിള്ളി വരച്ച ചിത്രം മന്ത്രിക്ക് സമ്മാനിച്ചു.

ഏഴു മാസത്തിനകം ബൈപാസ് നിർമ്മാണം പൂർത്തിയാക്കാനാകുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച എൽദോസ് പി കുന്നപ്പിള്ളിൽ എം എൽ എ പറഞ്ഞു.

എം എൽ എ മാരായ റോജി എം. ജോൺ, അൻവർ സാദത്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, നഗരസഭ ചെയർമാൻ പോൾ പാത്തിക്കൽ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ എ.ടി. അജിത് കുമാർ, അൻവർ അലി, ജില്ലാ പഞ്ചായത്തംഗം ശാരദ മോഹൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ എൻ പി അജയകുമാർ, പി പി അവറാച്ചൻ, മായ കൃഷ്ണകുമാർ, ടി.എൻ. മിഥുൻ, ഷിഹാബ് പള്ളിക്കൽ, ഷിജി ഷാജി, ശില്പ സുധീഷ്, നഗരസഭ കൗൺസിലർമാരായ ടി എം സക്കീർ ഹുസൈൻ, അഭിലാഷ് പുതിയേടത്ത്, മുൻ എംഎൽഎ സാജു പോൾ, രാഷ്ട്രീയ കക്ഷി നേതാക്കളായ സി എം അബ്ദുൽ കരീം, ഷാജി സലീം, അഡ്വ . രമേശ് ചന്ദ്, സുബേർ ഓണമ്പിള്ളി, ബാബു ജോസഫ്, പി അനിൽകുമാർ , ജോർജ് കിഴക്കുമശേരി, ടിപി അബ്ദുൽ അസീസ്, പോൾ വർഗീസ്, എൻ ഒ ജോർജ്, വി ബി മോഹനൻ, ജോസ് നെറ്റിക്കാടൻ, ആർബിഡി സി കെ ജനറൽ മാനേജർ ടി. എസ്. സിന്ധു, സീനിയർ മാനേജർ മൊഹ്സീൻ ബക്കർ തുടങ്ങിയവർ പങ്കെടുത്തു.

പെരുമ്പാവൂർ പട്ടണത്തിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ 2016 ലാണ് ബൈപാസിന് തുക വകയിരുത്തിയത്. മരുത് കവലയിൽ നിന്ന് തുടങ്ങി എം.സി റോഡ്, പി.പി റോഡ് എന്നിവ കടന്ന് പാലക്കാട്ട് താഴത്ത് അവസാനിക്കുന്ന വിധത്തിൽ നാല് കിലോമീറ്റർ ദൂരത്തിൽ രണ്ട് ഘട്ടങ്ങളായാണ് പദ്ധതിയുടെ രൂപകൽപ്പന.

ആലുവ മൂന്നാർ റോഡിലെ മരുതുകവല മുതൽ പഴയ എം സി റോഡ് വരെയുള്ള ഒന്നാംഘട്ടത്തിൽ ഒന്നര കിലോമീറ്റർ ദൂരമാണുള്ളത്. പഴയ എം സി റോഡ് മുതൽ പാലക്കാട്ടു താഴം വരെയാണ് രണ്ടാംഘട്ടം. ആദ്യഘട്ടത്തിന് 134 കോടി രൂപയുടെ അനുമതിയാണ് കിഫ്ബി നൽകിയിരിക്കുന്നത്. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള (ആർ ബി ഡി സി കെ) യ്ക്കാണ് നിർമ്മാണചുമതല.

ഒന്നാംഘട്ട നിർമ്മാണത്തിനായി പെരുമ്പാവൂർ വില്ലേജിൽപ്പെട്ട 63 ഭൂ ഉടമകളിൽ നിന്നുമായി 2.74 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 21.6 3 കോടി രൂപ ചെലവഴിച്ചു.

മരുത് കവല മുതൽ ഓൾഡ് മൂവാറ്റുപുഴ റോഡ് വട്ടക്കാട്ടുപടി വരെയുള്ള മേഖലയിലാണ് ഇപ്പോൾ നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നത്. ഒന്നാം ഘട്ട നിർമ്മാണത്തിന് നിർമ്മാണ കരാർ 25.04 കോടി രൂപയ്ക്ക് ഒപ്പു വച്ചിട്ടുള്ളത്.

നിർദിഷ്ട പെരുമ്പാവൂർ ബൈപാസ് ഒന്നാം ഘട്ടത്തിന് 1.03 കിലോമീറ്റർ നീളവും 25 മീറ്റർ വീതിയിലുമാണ് നിർമ്മിക്കുന്നത് .

18 മീറ്റർ ടാറിങ് വീതി നൽകിയിരിക്കുന്നതിനാൽ നാലുവരി പാതയാണ് ഡിസൈൻ ചെയ്തിരിക്കുന്നത് .ഇരുവശങ്ങളിലായി ഫുട്പാത്തും ഡ്രെയിനേജ് സൗകര്യവും നൽകിയിട്ടുണ്ട്.

രണ്ടാം ഘട്ടത്തിനായി മാത്രം 170.53 കോടി രൂപ പദ്ധതി എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായി വരും. സ്ഥലം ഏറ്റെടുക്കുന്നതിനും നിർമ്മാണത്തിനുമുള്ള തുകയാണ് അനുവദിച്ചിരിക്കുന്നത്. പെരുമ്പാവൂർ, വെങ്ങോല, മാറമ്പിള്ളി വില്ലേജുകളിലാണ് പദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കേണ്ടി വരുന്നത്. നാലു വരി പാതയായി നിർമ്മാണം പൂർത്തികരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയത് കിറ്റ്കോയാണ്. ബൈപ്പാസിന്റെ രണ്ടാംഘട്ടവുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ പ്രാരംഭ നടപടികൾ ആരംഭിച്ചു.

# വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ കോടികൾ ചെലവഴിച്ചു നിർമിച്ച ഐസിയു പ്രവർത്തനം നിലച്ചു

**അമ്പലപ്പുഴ:** മെഡിക്കൽ കോളജ് ആശുപത്രിയിൽ കോടികൾ ചെലവഴിച്ചു നിർമിച്ച ഐസിയുകളുടെ പ്രവർത്തനം നിലച്ചു. മെഡിസിൻ ഐസിയുവിൻറെ പ്രവർത്തനം ഒരുവർഷം മുൻപ് നിലച്ചിരുന്നു. ഇതിനു പിന്നാലെയാണ് എസി തകരാറിലായതോടെ സർജറി ഐസിയുവും പ്രവർത്തനരഹിതമായത്.

എസി തകരാറിലായതോടെയാണ് 18 കിടക്കകളുള്ള മെഡിസിൻ ഐസിയു പ്രവർത്തനരഹിതമായത്. ഇതോടെ അത്യാസന്ന നിലയിലായ രോഗികളെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലേക്കും മറ്റ് സ്വകാര്യ ആശുപത്രികളിലേക്കും മാറ്റുകയാണ്.

ഒരുവർഷം പിന്നിട്ടിട്ടും മെഡിസിൻ ഐസിയു പ്രവർത്തനക്ഷമമാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഇപ്പോൾ എസി തകരാറിലായതോടെ സർജറി ഐസിയുവിൻറെ പ്രവർത്തനവും നിലച്ചിരിക്കുകയാണ്.

15 കിടക്കകളാണ് സർജറി ഐസിയുവിലുള്ളത്. ഇവയിൽ പലതിലും എസി പ്രവർത്തിക്കാത്തതിനാൽ സർജറി ഐസിയു അടച്ചുപൂട്ടേണ്ട അവസ്ഥയാണ്. കോടിക്കണക്കിന് രൂപയുടെ ബഹുനില മന്ദിരങ്ങൾ ഓരോ വർഷവും ഇവിടെ നിർമിക്കുന്നുണ്ടെങ്കിലും ഏറ്റവും അത്യാവശ്യമായ ഐസിയുകളുടെ പ്രവർത്തനം നിലച്ചതോടെ രോഗികളെല്ലാം സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട അവസ്ഥയാണ്.

വാഹനാപകടങ്ങളിൽപ്പെട്ട് എത്തുന്ന എല്ലാവരെയും മറ്റ് ആശുപത്രികളിലേക്ക് മാറ്റുകയാണ്. നിർധനരായ രോഗികൾക്ക് അധിക സാമ്പത്തിക ബാധ്യതയാണ് ഇതുമൂലമുണ്ടാകുന്നത്.

# തണ്ണീർമുക്കം ടൂറിസം: ആദ്യഘട്ടം തണ്ണീർമുക്കം ഫെസ്റ്റ് നടത്തും

**ചേർത്തല:** സ്വാഭാവിക പ്രകൃതി ഭംഗിയുടെ കലവറയായ തണ്ണീർമുക്കം പഞ്ചായത്ത് ടൂറിസം മേഖലയിൽ വൻ മുന്നേറ്റങ്ങൾ ലക്ഷ്യംവച്ചുകൊണ്ടുള്ള പദ്ധതികൾക്ക് രൂപരേഖ തയാറാക്കുന്നു. വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് തണ്ണീർമുക്കത്തെ ഉത്തരവാദിത്വ ടൂറിസം ഹബ് ആക്കി മാറ്റാനുള്ള ശ്രമത്തിനു മുന്നോടിയായുള്ള ശ്രമങ്ങൾക്കു തുടക്കമായി.

ഇതിൻറെ ഭാഗമായി നടത്തുന്ന തണ്ണീർമുക്കം ഫെസ്റ്റിൻറെ സംഘാടകസമിതി രൂപീകരണയോഗം തണ്ണീർമുക്കം കെറ്റിഡിസിയിൽ നടന്നു. തണ്ണീർമുക്കം പഞ്ചായത്ത് പ്രസിഡൻറ് ജി. ശശികല ഉദ്ഘാടനം ചെയ്തു.

പഞ്ചായത്ത് വൈസ് പ്രസിഡൻറ് ഷൈമോൾ കലേഷ്, സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷന്മാരായ മിനി ലെനിൻ, സീന സുർജിത്, വി.എസ്. സുരേഷ് കുമാർ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ വി.കെ. മുകുന്ദൻ, യു.എസ്. സജീവ്, മിനി ബിജു, പഞ്ചായത്തംഗം പ്രവീൺ ജി. പണിക്കർ തുടങ്ങിയവർ പ്രസംഗിച്ചു.

പഞ്ചായത്ത് സെക്രട്ടറി പി.പി. ഉദയസിംഹൻ ഉത്തരവാദടൂറിസം പദ്ധതിയുടെ ആമുഖം അവതരിപ്പിച്ചു. ഡോ. അനിത ക്ലാസ് നയിച്ചു. ഗ്രാമപഞ്ചായത്തംഗങ്ങളും, രാഷ്ട്രീയസാമൂഹ്യ സാംസ്കാരികരംഗത്തെ പ്രമുഖരും സിഡിഎസ്, എഡിഎസ് അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു. മന്ത്രി പി. പ്രസാദ്, കെ.സി. വേണുഗോപാൽ എംപി, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ.ജി. രാജേശ്വരി,

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് എൻ.എസ്. ശിവപ്രസാദ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് വി.ജി. മോഹനൻ, ജില്ലാ പഞ്ചായത്തംഗം പി.എസ്. ഷാജി, എം.കെ. ഉത്തമൻ എന്നിവരെ രക്ഷാധികാരികളായും ജി. ശശികല ചെയർമാനും പി.പി. ഉദയസിംഹൻ കൺവീനറുമായുള്ള കമ്മിറ്റിയെ തെരഞ്ഞെടുത്തു.

# കരുതലും കൈത്താങ്ങും അദാലത്ത് 21 മുതൽ; ഇതുവരെ 1357 പരാതികൾ

**കൊച്ചി:** പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലയിലെ താലൂക്ക് ആസ്ഥാനങ്ങളിൽ നടത്തുന്ന കരുതലും കൈത്താങ്ങും അദാലത്ത് ഡിസംബർ 21 മുതൽ ജനുവരി 3 വരെ നടക്കും. 21 ന് കൊച്ചി, 23 ന് കുന്നത്തുനാട്, 24 ന് ആലുവ, 26 ന് മുവാറ്റുപുഴ, 27 ന് കോതമംഗലം, 30ന് നോ4ത്ത് പറവൂ4, ജനുവരി 3 ന് കണയന്നൂ4 എന്നീ താലൂക്കുകളിലാണ് അദാലത്തുകൾ. അദാലത്ത് നടക്കുന്ന വേദികൾ. (കണയന്നൂ4 താലൂക്കിലെ വേദി സംബന്ധിച്ച് അന്തിമ തീരുമാനം ഉടനുണ്ടാകും)

ഇതുവരെ 1357 പരാതികളാണ് അദാലത്തിലേക്ക് ആകെ ലഭിച്ചത്. തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടാണ് ഏറ്റവുമധികം പരാതികൾ. 408 എണ്ണം. സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് 106 പരാതികളും കണയന്നൂ4 താലൂക്കുമായി ബന്ധപ്പെട്ട് 156 പരാതികളും കുന്നത്തുനാട് താലൂക്കുമായി ബന്ധപ്പെട്ട് 102 പരാതികളും ലഭിച്ചു. അക്ഷയ സെന്ററുകൾ മുഖേനയും താലൂക്ക് ഓഫീസുകളിൽ നേരിട്ടുംവെബ് സൈറ്റ് വഴി ഓൺലൈനായുമാണ് പരാതികൾ സ്വീകരിച്ചത്.




# ഇടുക്കി കേന്ദ്രീയവിദ്യാലയത്തിൽ സ്ഥാപകദിനാഘോഷം നടന്നു

**ഇടുക്കി:** അറുപത്തിരണ്ടാമത് കേന്ദ്രീയവിദ്യാലയ സ്ഥാപകദിനാഘോഷം ഉത്സവപ്രതീതിയോടെ പൈനാവിലെ പി എം ശ്രീ കേന്ദ്രീയവിദ്യാലയത്തിൽ നടന്നു. ഇടുക്കി എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. ബൈജു ശശിധരൻ മുഖ്യാതിഥിയായി. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്ന സ്കിറ്റുകൾ, ഗാനങ്ങൾ, നൃത്തങ്ങൾ എന്നിവ വിദ്യാർത്ഥികൾ അവതരിപ്പിച്ചു. അധ്യാപകരുടെ സഹായത്തോടെയാണ് വിദ്യാർത്ഥികൾ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയത്.വിദ്യാർത്ഥികൾ പങ്കെടുത്ത വർണ്ണാഭമായ സാംസ്കാരിക, വിദ്യാഭ്യാസപരിപാടികൾ, സാംസ്കാരിക പ്രദർശനം എന്നിവയും നടന്നു.

ഇടുക്കി കേന്ദ്രീയവിദ്യാലയം വളർച്ചയുടെയും നവീകരണത്തിന്റെയും പാതയിലാണെന്ന് സ്വാഗതം ആശംസിച്ച പ്രിൻസിപ്പൽ അജിമോൻ എ ചെല്ലംകോട്ട് പറഞ്ഞു. 2008 ലാണ് ഇടുക്കിയിൽ കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നത് .ക്രിയാത്മക പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലമാണ് തൊടുപുഴയിൽ പുതിയ സ്കൂൾ ലഭിച്ചതെന്നും മികച്ച പ്രവർത്തനം തുടരാനുള്ള എല്ലാ ശ്രമങ്ങളും സ്കൂളിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. വിരമിച്ച അധ്യാപകർ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ, പൂർവ വിദ്യാർഥികൾ, രക്ഷിതാക്കൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. മുതിർന്ന അധ്യാപകൻ പ്രമോദ് എൻ ടി നന്ദി പറഞ്ഞു.

# 29 ദിവസത്തിനിടെ എത്തിയത് 22.67 ലക്ഷം തീർഥാടകർ: സുഖദർശനം വേഗത്തിൽ

**ശബരിമല:** കഴിഞ്ഞ വർഷത്തേക്കാൾ 5.51 ലക്ഷം തീർഥാടകർ എത്തിയിട്ടും വലിയ തിരക്കോ മണിക്കൂറുകൾ നീണ്ട കാത്തുനിൽപ്പോ ഇല്ലാതെ വേഗത്തിൽ ദർശനം നടത്താൻ കഴിഞ്ഞതാണ് ഇത്തവണത്തെ ഏറ്റവും വലിയ നേട്ടമെന്നു ദേവസ്വം ബോർഡ് പ്രസിഡന്റ് പി. എസ്.പ്രശാന്ത് . ഇത് ദേവസ്വം ബോർഡിന്റെയും പൊലീസിന്റെയും മാത്രം നേട്ടമല്ല. ജില്ലാ ഭരണകൂടം, ദുരന്തനിവാരണ അതോറിറ്റി, കെഎസ്ആർടിസി,കെഎസ്ഇബി, അഗ്നിരക്ഷാസേന, കേന്ദ്രസേന, ജലസേചന വിഭാഗം തുടങ്ങി 21 വകുപ്പുകളുടെ കൃത്യമായ ഏകോപനത്തിന്റെ വിജയമാണ്. 29 ദിവസം പിന്നിടുമ്പോൾ ദർശനം നടത്തിയ തീർഥാടകരുടെ എണ്ണം 22.67 ലക്ഷമാണ്. കഴിഞ്ഞ വർഷം ഇതേ ദിവസം 18.16 ലക്ഷം തീർഥാടകരാണ് എത്തിയത്. 18 മണിക്കൂർ വരെ കാത്തുനിന്നാണ് തീർഥാടകർ കഴിഞ്ഞ പതിനെട്ടാംപടി കയറി ദർശനം നടത്തിയത്.

ശബരീശ സന്നിധിയിൽ ദർശനത്തിനായി എത്തുന്ന ഓരോ ഭക്തന്റെയും പ്രാർഥന വലിയ കാത്തുനിൽപില്ലാതെ പൊന്നു പതിനെട്ടാംപടി കയറാൻ അനുഗ്രഹം ഉണ്ടാകണമെന്നാണ്. പതിനെട്ടാംപടിയുടെ വശത്ത് പൊലീസ് ഇരുന്നു ജോലി ചെയ്യാൻ ഏർപ്പെടുത്തിയ പുതിയ സംവിധാനം തിരക്കു കുറയ്ക്കാൻ സഹായകമായപ്പോൾ. പടിയുടെ വശത്തിരിക്കുന്ന പൊലീസുകാരെയും കാണാം. ചിത്രം: മനോരമ

ശബരീശ സന്നിധിയിൽ ദർശനത്തിനായി എത്തുന്ന ഓരോ ഭക്തന്റെയും പ്രാർഥന വലിയ കാത്തുനിൽപില്ലാതെ പൊന്നു പതിനെട്ടാംപടി കയറാൻ അനുഗ്രഹം ഉണ്ടാകണമെന്നാണ്. പതിനെട്ടാംപടിയുടെ വശത്ത് പൊലീസ് ഇരുന്നു ജോലി ചെയ്യാൻ ഏർപ്പെടുത്തിയ പുതിയ സംവിധാനം തിരക്കു കുറയ്ക്കാൻ സഹായകമായപ്പോൾ. പടിയുടെ വശത്തിരിക്കുന്ന പൊലീസുകാരെയും കാണാം. ചിത്രം: മനോരമ

ഇത്രയും വലിയ കാത്തുനിൽപും പലയിടത്തും തടഞ്ഞു നിർത്തലും വന്നതോടെ പരാതിയുടെ പ്രളയമായി. കഴിഞ്ഞ വർഷത്തെ പോരായ്മകൾ കണ്ടെത്തി അത് പരിഹരിക്കാൻ മാസങ്ങൾക്കു മുൻപേ ശ്രമം നടത്തി. അതിന്റെ വിജയമാണ്. മുഖ്യമന്ത്രി മുതൽ വിശുദ്ധി സേനാംഗങ്ങളുടെ വരെ കഠിന പരിശ്രമം ഇതിന്റെ പിന്നിലുണ്ട്. കഴിഞ്ഞ വർഷത്തെ പ്രധാന പ്രശ്നം പതിനെട്ടാംപടി കയറാൻ മണിക്കൂറുകൾ കാത്തുനിൽക്കേണ്ടി വരുന്നതായിരുന്നു. പതിനെട്ടാംപടിക്കു മേൽക്കൂര വന്നതോടെ പൊലീസുകാർക്ക് ശരിയായി നിന്ന് തീർഥാടകരെ പടി കയറ്റാൻ കഴിയുന്നില്ലെന്നായിരുന്നു അതിനു കാരണം പറഞ്ഞത്.

പടിയുടെ വശത്ത് പൊലീസുകാർക്ക് ഇരുന്നു തീർഥാടകരെ കയറ്റി വിടാൻ കഴിയുന്ന സംവിധാനം ഒരുക്കി. അത് കൂടാതെ പടിയിൽ ജോലി നോക്കുന്ന പൊലീസുകാർക്ക് പരമാവധി വിശ്രമം കിട്ടുന്ന വിധത്തിൽ സമയം ക്രമീകരിച്ചു. ഇതോടെ പടികയറ്റം വേഗത്തിലായി. ഇതാണ് ഏറ്റവും വലിയ നേട്ടം. പൊലീസുകാർക്ക് ക്ഷീണം മാറാൻ ദേവസ്വം ബോർഡ് പ്രത്യേകം ലഘുഭക്ഷണം ഇടയ്ക്കു നൽകുന്നുണ്ട്. ദർശനം സുഗമമാക്കാൻ സോപാനത്തു നടപ്പാക്കിയ പരിഷ്കാരവും ഫലം കണ്ടു. സോപാനത്തെ ഒന്നാം നിരയുടെ പൂർണ നിയന്ത്രണം ദേവസ്വം ഗാർഡിനാണ്. കൊച്ചുകുട്ടികളുമായി വരുന്നവർ, മുതിർന്ന പൗരന്മാർ, വിഐപികൾ തുടങ്ങിയവരെ ഒന്നാം നിരയിലൂടെ ദർശനത്തിനു പ്രത്യേക ക്യൂ ക്രമീകരിച്ചു.

ഇത്തവണത്തെ തീർഥാടന ഒരുക്കങ്ങൾ കഴിഞ്ഞ മാർച്ചിൽ തുടങ്ങി. വഴിപാട് ആവശ്യങ്ങൾക്കുള്ള ശർക്കര, ഡപ്പി, അടപ്പ് തുടങ്ങിയവ 6 മാസം മുൻപേ വാങ്ങി സംഭരിച്ചു. അതിനാൽ ശർക്കര, ഡപ്പി തുടങ്ങിയവയ്ക്ക് ക്ഷാമം ഇല്ല. തീർഥാടനം തുടങ്ങുന്നതിന് മുൻപ് 40 ലക്ഷം ടിൻ അരവണയുടെ കരുതൽ ശേഖരം ഒരുക്കി. പ്രതിദിനം 3.5 ലക്ഷം ടിൻ അരവണയുടെ വിൽപന നടന്നിട്ടും പിടിച്ചു നിൽക്കാൻ കഴിഞ്ഞത് അതുകൊണ്ടാണ്. ഇത്തവണ അരവണ വിറ്റുവരവിലൂടെ 82.67 കോടി രൂപ ലഭിച്ചു. കഴിഞ്ഞ വർഷത്തേക്കൾ 17.41 കോടി രൂപ കൂടുതലുണ്ട്.

ശബരിമലയിൽ നിന്നുള്ള വരുമാനമാണ് ദേവസ്വം ബോർഡിനെ നിലനിർത്തുന്നത്. കഴിഞ്ഞ വർഷം തീർഥാടന കാലത്തെ ആകെ വരുമാനം 373 കോടി രൂപയായിരുന്നു. മാസപൂജയ്ക്ക് ലഭിച്ചത് ഉൾപ്പെടെ 450 കോടി രൂപ ലഭിച്ചു. ദേവസ്വം ബോർഡിൽ 1252 ക്ഷേത്രങ്ങൾ ഉണ്ട്. നിത്യനിദാനത്തിനു വകയില്ലാത്ത ക്ഷേത്രങ്ങളാണ് ഭൂരിപക്ഷവും.

# ഐ.എച്ച്.ആർ.ഡി. കോഴ്സുകളിലേക്ക് അപേക്ഷിക്കാം

**ആലപ്പുഴ:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിന്റെ (ഐ.എച്ച്.ആർ.ഡി.) വിവിധ കേന്ദ്രങ്ങളിൽ ജനുവരി മാസത്തിൽ ആരംഭിക്കുന്ന കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻസ് (പി.ജി.ഡി.സി.എ) (2 സെമസ്റ്റർ) (ഡിഗ്രി), പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക്സ് അൻഡ് സെക്യൂരിറ്റി (പി.ജി.ഡി.സി.എഫ്) (2 സെമസ്റ്റർ) (എം.ടെക്/ബി.ടെക്/എം.സി.എ/ ബി.എസ്സ്.സി (സി.എസ്)/ എം.എസ്സ്.സി (സി.എസ്) / ബി.സി.എ), ഡിപ്ലോമ ഇൻ ഡാറ്റ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഡി.ഡി.റ്റി.ഒ.എ) (2സെമസ്റ്റർ) ( എസ്.എസ്.എൽ.സി), ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡി.സി.എ) (1 സെമസ്റ്റർ) (പ്ലസ് ടു), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സി.സി.എൽ.ഐ.എസ്) (1 സെമസ്റ്റർ) (എസ്.എസ്.എൽ.സി) എന്നീ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. ഇവയിൽ ചേരുന്ന എസ്.സി/എസ്.റ്റി മറ്റ് പിന്നോക്ക വിദ്യാർഥികൾക്ക് നിയമവിധേയമായി പട്ടികജാതി വികസന വകുപ്പിൽ നിന്ന് വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും. അപേക്ഷകർ www.ihrdadmissions.org എന്ന വെബ് സൈററ് മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓൺ ലൈനായി നൽകിയ അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം പ്രവേശനം ആഗ്രഹിക്കുന്ന സെന്ററുകളിൽ ഡിസംബർ 31ന് നാലുമണിക്കകം ലഭിക്കേണ്ടതാണ്. വിശദവിവരങ്ങൾ ഐ.എച്ച്.ആർ.ഡി. വെബ് സൈറ്റായ www.ihrd.ac.in മുഖാന്തിരം ലഭ്യമാണ്.

# സംസ്ഥാന യുവജന കമ്മിഷൻ പ്രസംഗമത്സരം സംഘടിപ്പിക്കുന്നു

**ആലപ്പുഴ:** ദേശീയ യുവജന ദിനാഘോഷത്തോടനുബന്ധിച്ച് സംസ്ഥാന യുവജന കമ്മീഷൻ യുവജനങ്ങൾക്കായി പ്രസംഗമത്സരം സംഘടിപ്പിക്കുന്നു. 2024 ഡിസംബർ മാസം അവസാനം കോഴിക്കോട് വെച്ചാണ് പ്രസംഗ മത്സരം. വിജയികൾക്ക് ഒന്നാം സ്ഥാനത്തിന് 15,000 രൂപയും രണ്ടാം സ്ഥാനത്തിന് 10,000 രൂപയും മൂന്നാം സ്ഥാനത്തിന് 5000 രൂപയും ഇ.എം.എസ് സ്മാരക ട്രോഫിയും യുവജനദിനാഘോഷത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ വിതരണം ചെയ്യും. 5 മിനിറ്റാണ് പ്രസംഗസമയം ലഭിക്കുക. വിഷയം മൽസരത്തിന് 5 മിനിറ്റ് മുമ്പ് നൽകും. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന 18 നും 40 നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾ ഫോട്ടോ ഉൾപ്പെടെ വിശദമായ ബയോഡേറ്റ official.skyc@gmail.com എന്ന മെയിൽ ഐ.ഡിയിലോ വികാസ് ഭവനിലുള്ള കമ്മീഷൻ ഓഫീസിൽ തപാൽ മുഖേനയോ (കേരള സംസ്ഥാന യുവജന കമ്മീഷൻ, വികാസ് ഭവൻ, പി.എം. ജി, തിരുവനന്തപുരം 33) നേരിട്ടോ നൽകാവുന്നതാണ്. അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ 20. കൂടുതൽ വിവരങ്ങൾക്ക് കമ്മീഷനുമായി ബന്ധപ്പെടുക. ഫോൺ: 8086987262, 04712308630.

# ജനറേറ്റീവ് എ ഐ, ഡാറ്റ സയൻസ് ഡിപ്ലോമ കോഴ്സുകൾ ഓൺലൈനായി പഠിക്കാം

**തിരുവനന്തപുരം** സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ നേതൃത്വത്തിലുള്ള എസ് ആർ സി കമ്മ്യൂണിറ്റി കോളേജ് 2025 ജനുവരി സെഷനിൽ ആരംഭിക്കുന്ന ഡാറ്റ സയൻസ്, ഡാറ്റ വിഷ്വലൈസേഷൻ, സൈബർ സെക്യൂരിറ്റി, ജനറേറ്റീവ് ഐ ഐ, പ്രോപ്റ്റ് എഞ്ചിനീയറിംഗ്, സോഷ്യൽ മീഡിയ മാർക്കറ്റിംഗ് വിഷയങ്ങളിൽ സർട്ടിഫിക്കറ്റ് ഡിപ്ലോമ പ്രോഗ്രാമുകൾക്ക് അപേക്ഷ ക്ഷണിച്ചു. സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾക്ക് ആറ് മാസവും ഡിപ്ലോമ പ്രോഗ്രാമുകൾക്ക് ഒരു വർഷവുമാണ് കാലാവധി.

തിയറി പ്രാക്ടിക്കൽ ക്ലാസ്സുകൾ വെർച്ചൽ കോൺടാക്ട് സെഷനുകളിലൂടെ ക്രമീകരിക്കും. അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പ്ലസ്ടു അഥവാ തത്തുല്യം. വിശദവിവരങ്ങൾ wwws.rccc.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. തിരുവനന്തപുരം ആസ്ഥാനമായ ഡയറോൺ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് (8848733001, 8848733002) ആണ് പഠനകേന്ദ്രം.

വിശദവിവരങ്ങൾ നേരിട്ട് ലഭിക്കാൻ ഡയക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭവൻ പി ഒ, തിരുവനന്തപുരം 33, ഫോൺ നമ്പർ 0471 2325101, 8281114464 എന്ന വിലാസത്തിൽ ബന്ധപ്പെടുക. അപേക്ഷകൾ https://apps.rccc.in/register എന്ന ലിങ്കിലൂടെ ഓൺലൈനായി സമർപ്പിക്കാം. അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ 31.

# അതിദാരിദ്ര്യ നിർമാർജ്ജനം ക്യാമ്പയിനുകൾക്ക് രാഷ്ട്രീയ ബഹുജന പങ്കാളിത്തം അനിവാര്യം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** അതിദാരിദ്ര്യ നിർമാർജനം, മാലിന്യമുക്ത നവകേരളം, പാലിയേറ്റീവ് പരിചരണം എന്നീ പദ്ധതികൾ യാഥാർഥ്യമാക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനും ബഹുജന സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും പങ്കാളിത്തം അനിവാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സർവ്വകക്ഷി യോഗത്തിൽ പറഞ്ഞു.

മതസംഘടനകൾ ഉൾപ്പെടെ എല്ലാ സംഘടനകളെയും പരിപാടിയുമായി സഹകരിപ്പിക്കും. തദ്ദേശസ്വയംഭരണതലത്തിൽ നടത്തുന്ന ക്ഷേമപ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് നിർലോഭമായ പിന്തുണയാണ് സർക്കാർ നൽകുന്നതെന്നും മുഖ്യമന്ത്രി യോഗത്തിൽ പറഞ്ഞു.

ക്യാമ്പയിനിന് പ്രതിപക്ഷം പൂർണപിന്തുണ നൽകുമെന്നും പരിപാടിയുമായി സഹകരിക്കാൻ നിർദേശം നൽകുമെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. രാഷ്ട്രീയ പാർട്ടികൾ നൽകിയ പിന്തുണയ്ക്ക് മുഖ്യമന്ത്രി നന്ദി അറിയിച്ചു.

അതിദരിദ്രരില്ലാത്ത ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനായി 2021 ലാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ആരംഭിച്ചത്. 64,006 കുടുംബങ്ങളിലായി 1,03,099 പേരെയാണ് അതിദരിദ്രരായി കണ്ടെത്തിയത്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നിവയിലെ ഇല്ലായ്മയുടെ, അഥവാ കുറവിന്റെ തോത് അടിസ്ഥാനമാക്കിയാണ് അതിദരിദ്രരെ നിർണയിച്ചത്. ഇവയെ ക്ലേശഘടകങ്ങളായി കാണുന്നു. അതുകൊണ്ടുതന്നെ ആവശ്യമായവർക്ക് ഭക്ഷണവും ആരോഗ്യ സേവനങ്ങളും താമസവും തൊഴിലും ഉറപ്പുവരുത്തുന്നതിലാണ് ഊന്നൽ നൽകുന്നത്. 2025 നവംബർ 1 ന് കേരളത്തെ അതിദാരിദ്ര്യ വിമുക്തമായി പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ആദ്യഘട്ട പ്രവർത്തനങ്ങൾ 2023 നവംബർ 1 നാണ് പൂർത്തിയായത്. ആദ്യ ഘട്ടത്തിൽ തന്നെ 47.89 ശതമാനം പേരെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കാൻ കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ 2024 നവംബർ 1 ന് മുമ്പ് 90 ശതമാനം പേരെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുന്നതിനാണ് ലക്ഷ്യമിട്ടത്. എന്നാൽ, ഇതുവരെ 40,180 കുടുംബങ്ങളെ മാത്രമാണ് അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കാൻ സാധിച്ചത്. അതായത് 63.82 ശതമാനം മാത്രമേ പുരോഗതി ഉണ്ടായിട്ടുള്ളൂ. 2024 നവംബർ 23 വരെയുള്ള കണക്കുകൾ പ്രകാരം ഇനി 15,847 കുടുംബങ്ങൾക്കാണ് മൈക്രോപ്ലാൻ പ്രകാരമുള്ള സഹായം ലഭ്യമാക്കേണ്ടത്.അതിദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചുവരുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. 2025 നവംബർ 1 ന് മുമ്പായി അതിദരിദ്രരില്ലാത്ത കേരളമെന്ന ലക്ഷ്യം കൈവരിക്കാൻ കഴിയണം. അത്തരം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഉതകുന്ന ആശയങ്ങളും സഹകരണവുമാണ് നിങ്ങളെല്ലാവരിൽ നിന്നും പ്രതീക്ഷിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി മൈക്രോ പ്ലാനുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ കുടുംബത്തിനും ഹ്രസ്വകാല, ഇടക്കാല, ദീർഘകാല ലക്ഷ്യങ്ങളാണ് മൈക്രോപ്ലാനുകളിലൂടെ വിഭാവനം ചെയ്തത്. കുടുംബ മൈക്രോപ്ലാനുകളുടെ വിവിധ ഘടകങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഏകോപിപ്പിച്ച് പദ്ധതികളിൽ ഉൾക്കൊള്ളിക്കലാണ് ലക്ഷ്യം. വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ സംയോജിത ഇടപെടൽ സാധ്യമാക്കുന്ന സമഗ്ര സമീപനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും അതിദരിദ്രരെ പിന്തുണയ്ക്കാൻ കെയർ ഫണ്ട് എന്ന ആശയം മാർഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. സി എസ് ആർ ഫണ്ട്, പ്രവാസി സംഘടനകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ സഹായവും സ്പോൺസർഷിപ്പും പ്രയോജനപ്പെടുത്തിയുള്ള വിഭവസമാഹരണമാണ് ലക്ഷ്യമിട്ടത്. ഈ ആശയം ഫലപ്രദമായി നടപ്പിലാക്കണം.

പുനരധിവാസത്തിനും മാനസികാരോഗ്യത്തിനും മറ്റും ആവശ്യമായ പൊതുപിന്തുണാ സംവിധാനങ്ങൾ അതത് വകുപ്പുകളും ഏജൻസികളുമായി ചേർന്നു നടപ്പിലാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ കാര്യമായി ഇടപെടണം. ബ്ലോക്ക്, ജില്ലാതല ഏകോപന അവലോകന സമിതി നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പുരോഗതി വിലയിരുത്തും.

അതിദാരിദ്ര്യ നിർണയത്തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രത്യേക വാർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനതല ജനകീയ സമിതികൾ രൂപീകരിച്ചിരുന്നു. ഈ സമിതികളെ സജീവമാക്കി മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുണ്ട്. ഈ യോഗങ്ങളുടെ വിലയിരുത്തൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എം ഐ എസ് ഡേറ്റ എല്ലാ മാസവും പുതുക്കേണ്ടതുമുണ്ട്. പദ്ധതി കാര്യക്ഷമമായി മുന്നേറുന്നു എന്നുറപ്പുവരുത്തുന്നതിന് ഇത് ഏറെ സഹായകരമാകും.

ഓരോ അതിദരിദ്ര കുടുംബത്തെയും അവർക്ക് ബാധകമായ മുഴുവൻ ക്ലേശഘടകങ്ങളിൽ നിന്നും മൈക്രോപ്ലാനിന്റെ അടിസ്ഥാനത്തിൽ പുറത്തു കൊണ്ടുവരണം. ഉപജീവന പദ്ധതി ബാധകമായ കുടുംബങ്ങൾക്ക് സുസ്ഥിര വരുമാന മാർഗം ഉറപ്പാക്കണം.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തങ്ങളുടെ അധികാരപരിധിയിൽ കണ്ടെത്തിയിട്ടുള്ള അതിദരിദ്രർ ദാരിദ്ര്യത്തിൽ നിന്നും മുക്തരായാൽ ആ തദ്ദേശ സ്വയംഭരണ സ്ഥാപനം അതിദാരിദ്ര്യമുക്ത പ്രഖ്യാപനം നടത്തണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ദീർഘകാല രോഗങ്ങൾ മൂലം പ്രയാസങ്ങൾ അനുഭവിക്കുന്നവർക്ക് ഗൃഹകേന്ദ്രീകൃത പരിചരണം ഉറപ്പാക്കാൻ ഉദ്ദേശിച്ചാണ് പാലിയേറ്റീവ് കെയർ സംവിധാനങ്ങൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെയും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെയുമാണ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

രോഗികൾക്ക് ഗൃഹകേന്ദ്രീകൃത പരിചരണം ഉറപ്പാക്കാൻ ജനസംഖ്യാനുപാതികമായി ആരോഗ്യ വകുപ്പിന്റെ ഹോം കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പരിശീലനം ലഭിച്ച കമ്മ്യൂണിറ്റി പാലിയേറ്റീവ് നഴ്സുമാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നിയമിക്കുന്നത്. 1,142 പ്രൈമറി പാലിയേറ്റീവ് യൂണിറ്റുകൾ സർക്കാർ മേഖലയിലുണ്ട്. ഇവ വഴി 1,14,439 രോഗികൾക്ക് പരിചരണം നൽകിവരുന്നുണ്ട്.മാനദണ്ഡങ്ങൾക്കനുസൃതമായി യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകാനുള്ള സംവിധാനമൊരുക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലാണ് രജിസ്ട്രേഷൻ നടത്തുക. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തങ്ങളുടെ അധികാരപരിധിയിലെ പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വിശദാംശങ്ങൾ സമാഹരിച്ച് രജിസ്ട്രേഷൻ നടത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങളിൽ നിന്നുള്ള സംഘടനകളെ രജിസ്റ്റർ ചെയ്യിക്കണം. ഗൃഹപരിചരണം ആവശ്യമായ എല്ലാവർക്കും ഗുണമേന്മയുള്ള ഗൃഹപരിചരണം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ ഓരോ രോഗിക്കും പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുടെ പിന്തുണ ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനായി സന്നദ്ധ പ്രവർത്തകരെ കണ്ടെത്തി പരിശീലിപ്പിക്കണം എന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. പുതിയ വളന്റിയർമാരെ കണ്ടെത്താനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഉള്ളത്. കണ്ടെത്തുന്ന സന്നദ്ധ പ്രവർത്തകർക്ക് ശാസ്ത്രീയമായ പരിശീലനം അവർ ഉറപ്പാക്കും. പരിശീലന മൊഡ്യൂളും പരിശീലകരെയും ആരോഗ്യ വകുപ്പ് ലഭ്യമാക്കും.

പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമായ ഗുരുതര രോഗബാധിതരല്ലാത്തതും പരിചരണം ആവശ്യമുള്ളതുമായ വയോജനങ്ങളും ഭിന്നശേഷിക്കാരും ധാരാളമുണ്ട്. ഇവരെക്കൂടി ഉൾക്കൊള്ളിച്ച് ബി പി എൽ, എ പി എൽ വ്യത്യാസമില്ലാതെ എല്ലാവർക്കും പരിചരണം ഉറപ്പാക്കുംവിധം ഡൊമിസിലിയറി കെയർ പദ്ധതിയായി വിപുലീകരിച്ച് മികച്ച പരിചരണം ഉറപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

# ക്ഷീര സംഗമവും ക്ഷീരതീരം പദ്ധതിയും ഉദ്ഘാടനം ചെയ്തു

**ആലപ്പുഴ:** പാല് ഉല്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തമാകുവാൻ എല്ലാവരും ഒത്തു ചേർന്ന് പരിശ്രമിക്കണമെന്ന് ക്ഷീരവികസന, മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി പറഞ്ഞു. പുന്നപ്ര ക്ഷീരസംഘത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ആലപ്പുഴ ജില്ലാ ക്ഷീര സംഗമവും ക്ഷീരതീരം പദ്ധതിയും പുന്നപ്ര ഗ്രിഗോറിയൻ കൺവെൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന ക്ഷീരതീരം പദ്ധതി മൽസ്യതൊഴിലാളി കുടുംബങ്ങൾക്ക് പുതിയ വരുമാന സ്രോതസ്സാകുമെന്ന് മന്ത്രി പറഞ്ഞു. ഈ പദ്ധതി പ്രകാരം 94,500 രൂപ ഒരു മൽസ്യതൊഴിലാളി കുടുംബത്തിനു രണ്ടു പശുക്കളെ മേടിക്കത്തക്ക നിലയിൽ കൊടുക്കാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു. ക്ഷീരകർഷകരുടെ പശുക്കൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാൻ എട്ടു കോടി രൂപയുടെ ഇൻഷുറൻസ് പദ്ധതിക്ക് സംസ്ഥാനം തുടക്കം കുറിച്ചെന്ന് മന്ത്രി പറഞ്ഞു. ക്ഷീരകർഷകർക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനായി ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മേഖല യൂണിയനുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ക്ഷീരസ്വാന്തനം ഇൻഷുറൻസ് പദ്ധതിക്ക് ക്ഷീര വികസന വകുപ്പ് 1 .50 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ഇതിൽ എല്ലാ ക്ഷീര കർഷകരും അംഗങ്ങളാകണമെന്നും ജെ ചിഞ്ചുറാണി പറഞ്ഞു.

എച്ച്. സലാം എം.എൽ.എ അധ്യക്ഷത വഹിച്ചു. ക്ഷീരമേഖല നമ്മുടെ പൊതുസമൂഹത്തിന്റെ അവിഭാജ്യ ഘടകമാണെന്നും ഈ മേഖലയെ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണെന്നും എം.എൽ.എ പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേശ്വരി, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാകേഷ് , തിരുവനന്തപുരം മേഖല യൂണിയൻ ചെയർമാൻ മണി വിശ്വനാഥ് , കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് ചെയർമാൻ വി പി ഉണ്ണികൃഷ്ണൻ, കേരള ഫീഡ്സ് ലിമിറ്റഡ് ചെയർമാൻ കെ ശ്രീകുമാർ, പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി ജി സൈറസ്, പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സജിത സതീശൻ, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി ചെയർപേഴ്സൺ ബിനു ഐസക് രാജു, ജില്ലാ പഞ്ചായത്ത് അംഗം ഗീത ബാബു, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി ചെയർപേഴ്സൺ എം ഷീജ, ബ്ലോക്ക് പഞ്ചായത്ത് അംഗം സതി രമേശ്, ക്ഷീര വികസന വകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ് , പുന്നപ്ര ക്ഷീരസംഘം പ്രസിഡന്റ് വി ധ്യാനസുതൻ, ബി അൻസാരി, ആയാപറമ്പ് രാമചന്ദ്രൻ , ടി കെ പ്രതുലചന്ദ്രൻ , നിഷ വി ഷറീഫ് , വിവിധ ക്ഷീര സംഘം ഭാരവാഹികൾ, ക്ഷീരകർഷകർ, ഉദ്യോഗസ്ഥർ എന്നിവർ സംസാരിച്ചു.

രണ്ടു ദിവസങ്ങളിലായി നടക്കുന്ന പരിപാടിയുടെ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനവും വിരമിച്ച ജീവനക്കാർക്കുള്ള ആദരവും ഡിസംബർ 17ന് ഉച്ചയ്ക്ക് 12 ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യും. എച്ച് സലാം എംഎൽഎ അധ്യക്ഷത വഹിക്കും. ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ക്ഷീരസംഘം പ്രതിനിധികൾ, ക്ഷീര വികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ആത്മ, മിൽമ, കേരള ഫീഡ്സ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. ക്ഷീരവികസന സെമിനാർ, ക്ഷീരകർഷകരെ ആദരിക്കൽ, ക്ഷീരകർഷക മുഖാമുഖം, വിവിധപ്രദർശനങ്ങൾ, ശിൽപശാല, ഡയറി ക്വിസ് മത്സരം, സമ്മാനദാനം, കലാപരിപാടികൾ എന്നിവ പരിപാടിയുടെ ഭാഗമായി നടക്കുന്നുണ്ട്.

ക്ഷീര വികസന വകുപ്പിന്റെയും ജില്ലയിലെ ക്ഷീര സഹകരണ സംഘങ്ങളുടെയും സംയുക്ത ആഭിമുഖ്യത്തിൽ ത്രിതല പഞ്ചായത്തുകൾ, ആത്മ, മിൽമ, കേരള ഫീഡ്സ് എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്



# സികാസ സ്റ്റുഡന്റ്സ് ഫെസ്റ്റ് സംഘടിപ്പിച്ചു

**കൊച്ചി:** സതേൺ ഇന്ത്യ ചാർട്ടേഡ് അക്കൗണ്ടന്റ്സ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ (സികാസ) എറണാകുളം ബ്രാഞ്ച് സ്റ്റുഡന്റ്സ് ഫെസ്റ്റ് ഇംപാക്ട് എക്സ് 2024 ടാറ്റാ കൺസൾട്ടൻസി സർവീസസ് സ്ട്രാറ്റജിക് ഇനീഷ്യേറ്റീവ്സ് ആന്റ് അനലിറ്റിക്സ് ഹെഡ് സുജാത മാധവ് ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഫെസ്റ്റിന്റെ ഭാഗമായി മാനേജ്മെന്റ് സ്കിൽസ്, സ്ട്രെസ് ഇന്റർവ്യൂ, സ്റ്റോക്ക് മാർക്കറ്റ് സ്റ്റഡി തുടങ്ങി 11 മത്സരങ്ങൾ നടത്തി. ഇത്തരമൊരു പരിപാടി കേരളത്തിൽ ആദ്യമായാണ് നടക്കുന്നത്.സികാസ എറണാകുളം ബ്രാഞ്ച് ചെയർമാൻ സി എ രൂപേഷ് രാജഗോപാൽ സ്വാഗതവും സികാസ എറണാകുളം ബ്രാഞ്ച് വൈസ് ചെയർമാൻ ബംസിൽ സമാൻ നന്ദിയും പറഞ്ഞു.

# കേരള ബ്ലാസ്റ്റേഴ്സിന്റെ തോൽവി; മുഖ്യപരിശീലകൻ സ്റ്റാറെ തെറിച്ചു

**കൊച്ചി:** ഐഎസ്എൽ ഫുട്ബോൾ ചാംപ്യൻഷിപ്പിൽ തുടർച്ചയായ തോൽവിക്കു പിന്നാലെ കേരള ബ്ലാസ്റ്റേഴ്സ് മുഖ്യപരിശീലകൻ മിഖായേൽ സ്റ്റാറെ ടീം വീട്ടു. സ്റ്റാറേയ്ക്കൊപ്പം സഹപരിശീലകരായിരുന്നു ബിയോൺ വെസ്ട്രോം, ഫ്രെഡറിക്കോ പെരേര മൊറൈസ് എന്നിവരു ടീം വിട്ടതായി കേരള ബ്ലാസ്റ്റേഴ്സ് എഫ്സി മാനേജ്മെന്റ് അറിയിച്ചു. വുകുമനോവിച്ചിന് പകരക്കാരനായിട്ടാണ് മിഖായേൽ സ്റ്റാറേ ഈ സീസണിൽ കേരള ബ്ലാസ്റ്റേഴ്സിന്റെ മുഖ്യപരിശീലകനായി എത്തുന്നത്. എന്നാൽ സീസൺ ആരംഭിച്ച് ഇതുവരെ കളിച്ച 12 മൽസരങ്ങളിൽ മൂന്നു മൽസരങ്ങളിൽ മാത്രമാണ് കേരള ബ്ലാസ്റ്റേഴ്സിന് വിജയിക്കാനായത്. ഏഴു കളികൾ തോറ്റപ്പോൾ രണ്ടു മൽസരം സമനിലയിൽ പിരിഞ്ഞു. തുടർച്ചയായി ടീ തോൽക്കാൻ തുടങ്ങിയതോടെ സ്റ്റാറെ തെറിച്ചേക്കുമെന്ന് ഏകദേശ സുചനയുണ്ടായിരുന്നു. കഴിഞ്ഞ ദിവസം മോഹൻ ബഗാനെതിരെയും മുന്നിനെതിരെ രണ്ടു ഗോളുകൾക്ക് തോറ്റതോടെ സ്റ്റാറെയുടെ ബ്ലാസ്റ്റേഴ്സിലെ ഭാവി തുലാസിലായിരുന്നു. ഇതിനു പിന്നാലെയാണ് സ്റ്റാറെ ടീം വിടുന്നത് കാര്യം ടീം മാനേജ്മെന്റ് സ്ഥിരീകരിച്ചിരിക്കുന്നത്. കേരള ബ്ലാസ്റ്റേഴ്സ് എഫ്സിക്കൊപ്പമുള്ള കാലയളവിലുടനീളം നൽകിയ സംഭാവനകൾക്ക് മിഖായേൽ, ബിയോൺ, ഫ്രെഡറിക്കോ എന്നിവരോട് ക്ലബ്ബിന്റെ ആത്മാർഥമായ നന്ദി അറിയിക്കുന്നുവെന്നും അവരുടെ ഭാവി ഉദ്യമങ്ങൾക്ക് വിജയാശംസകൾ നേരുന്നതായും ടീം മാനേജ്മെന്റ് വാർത്താകുറിപ്പിൽ അറിയിച്ചു.ടീമിന്റെ പുതിയ മുഖ്യ പരിശീലകനെ ക്ലബ്ബ് ഉടൻ പ്രഖ്യാപിക്കും. കെബി എഫ്സി റിസർവ് ടീമിന്റെ മുഖ്യപരിശീലകനും യൂത്ത് ഡെവലപ്മെന്റ് ഹെഡുമായ തോമക്ക് തൂഷ്, സഹപരിശീലകൻ ടി.ജി പുരുഷോത്തമൻ എന്നിവർ പുതിയ നിയമനം സ്ഥിരീകരിക്കുന്നത് വരെ പ്രധാന ടീമിന്റെ പരിശീലക ചുമതല വഹിക്കുമെന്നും ടീം മാനേജ്മെന്റ് അറിയിച്ചു.

# സ്വച്ഛത ആക്ഷൻ പ്ലാൻ ശുചിത്വ ബോധവൽക്കരണ പരിപാടി

**തൃശ്ശൂർ:** സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ തൃശ്ശൂർ യൂണിറ്റ് സംഘടിപ്പിക്കുന്ന സ്വച്ഛത ആക്ഷൻ പ്ലാൻ അടിസ്ഥാനമാക്കിയുള്ള പ്രത്യേക ബോധവത്കരണ പരിപാടി ഇന്ന് പുതുക്കാട് പ്രജ്യോതി നികേതൻ കോളേജിൽ നടക്കും. പരിപാടി രാവിലെ 9.30 ന് കോളേജ് പ്രിൻസിപ്പൽ ഡോ. ബിനു പി. ചാക്കോ ഉദ്ഘാടനം ചെയ്യും.ശുചിത്വഭാരതം പദ്ധതിയെക്കുറിച്ചുള്ള ക്ലാസിന് ശുചിത്വ മിഷൻ തൃശ്ശൂർ ജില്ലാ പ്രോഗ്രാം ഓഫീസർ രജിനേഷ് രാജനും ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസിന് വിമുക്തി മിഷൻ ജില്ലാ പ്രോഗ്രാം ഓഫീസർ ഷഫീക്ക് യൂസഫും നേതൃത്വം നൽകും. കലാപരിപാടികളും ഇതോടനുബന്ധിച്ച് അരങ്ങേറും. പരിപാടിയോടനുബന്ധിച്ച് തിങ്കളാഴ്ച എൻ.എസ്.എസ് യൂണിറ്റുകളുടെ പങ്കാളിത്തത്തോടെ കോളേജ് കാമ്പസും പരിസരവും ശുചീകരിച്ചു.

# വിവാഹേതര ബന്ധങ്ങൾ കുടുംബങ്ങളെ ശിഥിലമാക്കുന്ന പ്രവണത വർധിക്കുന്നു : വനിതാ കമ്മീഷൻ

**കൊച്ചി:** വിവാഹേതര ബന്ധങ്ങൾ വർദ്ധിക്കുന്നതിലൂടെ കുടുംബബന്ധങ്ങൾ ശിഥിലമാകുന്ന പ്രവണത കൂടുന്നതായും കുട്ടികളെ അതു ബാധിക്കുന്നതായും വനിതാ കമ്മീഷൻ അധ്യക്ഷ പി സതിദേവി പറഞ്ഞു. എറണാകുളം ഗസ്റ്റ് ഹൗസ് ഹാളിൽ ചേർന്ന കമ്മീഷൻ മെഗാ അദാലത്തിനുശേഷം സംസാരിക്കുകയായിരുന്നു അവർ.ലിവിങ് ടുഗെതർ ബന്ധം വർദ്ധിക്കുന്നതിനൊപ്പം കുട്ടികൾ ജനിച്ചു കഴിയുമ്പോൾ അവർക്കു സംരക്ഷണം നൽകുന്നതു സംബന്ധിച്ചുള്ള തർക്കങ്ങളും കൂടുന്നു.തൊഴിലിടങ്ങളിലെ പീഡനവുമായി ബന്ധപ്പെട്ട് കമ്മീഷന്റെ മുമ്പാകെ വന്ന പരാതികളിൽ അൺ എയ്ഡഡ്, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്റേണൽ കമ്മിറ്റികൾ കാര്യക്ഷമമമായല്ല പ്രവർത്തിക്കുന്നതെന്ന് കമ്മീഷൻ വിലയിരുത്തി. സിസി ക്യാമറകളിലൂടെ അധ്യാപകരുടെ ചെറിയ ചലനങ്ങൾ പോലും നിരീക്ഷിച്ചു കൊണ്ട് അവരുടെ ആത്മവിശ്വാസം തകർക്കുന്ന രീതിയിൽ ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായും കമ്മീഷൻ നിരീക്ഷിച്ചു. തൊഴിലിടങ്ങളിൽ വനിതാ അധ്യാപകർക്ക് ആത്മവിശ്വാസത്തോടെ പ്രവർത്തിക്കാനുള്ള സാഹചര്യം ഒരുക്കാൻ സ്കൂൾ മാനേജ്മെന്റ് ശ്രദ്ധ പുലർത്തണമെന്ന് കമ്മീഷൻ നിർദേശിച്ചു.നിരാലംബരാകുന്ന അനവധി അമ്മമാർ കമ്മീഷനു മുന്നിലെത്തുന്നു. പ്രായമായ മാതാപിതാക്കളുടെ സ്വത്തുക്കൾ കൈക്കലാക്കിയ ശേഷം അവരെ ഇറക്കി വിടുന്ന അനവധി പരാതികളാണ് ലഭിക്കുന്നതെന്ന് കമ്മീഷൻ ആശങ്ക അറിയിച്ചു.ദാമ്പത്യ പ്രശ്നങ്ങൾ വർദ്ധിക്കുന്നതിനാൽ കൗൺസലിംഗ് ഒട്ടേറെ പരാതികളിൽ ആവശ്യമായിരിക്കുകയാണ്. കൗൺസലിംഗ് ആവശ്യമുള്ളവർക്കായി തിരുവനന്തപുരം കമ്മീഷൻ ഓഫീസിലും എറണാകുളം റീജണൽ ഓഫീസിലും അതു നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും അറിയിച്ചു. കുടുംബ ബന്ധങ്ങൾ നിലനിർത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനായി ജാഗ്രതാ സമിതികളുടെ നേതൃത്വത്തിലുള്ള ബോധവൽകരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണമെന്നും കമ്മീഷൻ പറഞ്ഞു.

എറണാകുളം ജില്ലാതല മെഗാ അദാലത്തിൽ 117 പരാതികളാണു കമ്മീഷൻ പരിഗണിച്ചത്. 15 കേസുകൾ തീർപ്പാക്കി. അഞ്ചു കേസുകൾ പോലീസ് റിപ്പോർട്ടിന് വിട്ടു. മൂന്നു പരാതികളിൽ തുടർ കൗൺസലിംഗ് കൊടുക്കുന്നതിനു നിർദ്ദേശിച്ചു.അദാലത്തിൽ അധ്യക്ഷ അഡ്വ. പി. സതീദേവിക്കൊപ്പം കമ്മീഷൻ അംഗങ്ങളായ അഡ്വ. ഇന്ദിര രവീന്ദ്രൻ, വി.ആർ. മഹിളാമണി എന്നിവരും പങ്കെടുത്തു. അഭിഭാഷകരായ സ്മിത ഗോപി, വി എ അമ്പിളി, കെ ബി രാജേഷ്, കൗൺസലർ ബി പ്രമോദ് എന്നിവരും കമ്മീഷനെ സഹായിക്കാൻ ഉണ്ടായിരുന്നു.

# തെങ്ങുകയറ്റ തൊഴിലാളികൾക്ക് ഏഴ് ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പരിരക്ഷ

**കൊച്ചി:** നാളികേര വികസന ബോർഡിന്റെ കേര സുരക്ഷാ ഇൻഷുറൻസ് പദ്ധതി തെങ്ങുകയറ്റ തൊഴിലാളികൾക്കും, നീര ടെക്നീഷ്യൻമാർക്കും പരമാവധി ഏഴ് ലക്ഷം രൂപ വരെ അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ അഞ്ച് ലക്ഷം രൂപയാണ് ഇൻഷുറൻസ് പരിരക്ഷയായി നൽകിയിരുന്നത്. രണ്ട് ലക്ഷം രൂപ വരെ ചികിത്സാ ചിലവുകൾക്കുള്ള ധനസഹായമായും ലഭിക്കും. 18 നും 65 നും ഇടയിൽ പ്രായമുള്ള തെങ്ങുകയറ്റ തൊഴിലാളികൾക്കും, നീര ടെക്നീഷ്യൻമാർക്കും ഒരു വർഷത്തേക്ക് ഗുണഭോക്തൃ വിഹിതമായ 239/- രൂപ വാർഷിക പ്രീമിയമായടച്ച് ഇൻഷുറൻസ് പരിരക്ഷ നേടാവുന്നതാണ്. നാളികേര വികസന ബോർഡിന്റെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് ഈ പദ്ധതി പ്രകാരം ആദ്യ വർഷം ഇൻഷുറൻസ് പരിരക്ഷ സൗജന്യമായി ലഭിക്കും.

കൃഷി ഓഫീസർ/പഞ്ചായത്ത് പ്രസിഡന്റ്/കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ ഭാരവാഹികൾ/ സിപിസി ഡയറക്ടർ തുടങ്ങിയവർ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയ അപേക്ഷ ഫോറം, വയസ്സ് തെളിയിക്കുന്ന രേഖയോടൊപ്പം, ഡിമാൻഡ് ഡ്രാഫ്റ്റ് അല്ലെങ്കിൽ ഓൺലൈൻ പേയ്മെന്റ് സഹിതം ചെയർമാൻ, നാളികേര വികസന ബോർഡ്, കേര ഭവൻ, എസ്ആർവി റോഡ്, കൊച്ചി - 682011, എന്ന വിലാസത്തിൽ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് നാളികേര വികസന ബോർഡിന്റെ വെബ്സൈറ്റിലോ www.coconutboard.gov.in, സ്റ്റാറ്റിസ്റ്റിക്സ് വിഭാഗവുമായോ, 04842377266, Ext. 255 ബന്ധപ്പെടുക.

# സംസ്ഥാന വനിതാ വികസന കോർപ്പറേഷന് 175 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരന്റി

**തിരുവനന്തപുരം:** സംസ്ഥാന വനിതാ വികസന കോർപ്പറേഷന് 175 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരന്റി അനുവദിക്കാൻ കഴിഞ്ഞ മന്ത്രിസഭാ യോഗത്തിൽ തീരുമാനമാനിച്ചത് ധാരാളം വനിതകൾക്ക് സഹായകരമാകുമെന്ന് ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്ന് വായ്പ സ്വീകരിക്കാനാണ് ഈ ഗ്യാരന്റി അധികമായി അനുവദിച്ചിരിക്കുന്നത്. ഇപ്പോൾ ലഭ്യമായിരിക്കുന്ന അധിക ഗ്യാരന്റി കൂടി പ്രയോജനപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷത്തിൽ 375 കോടി രൂപയുടെ വായ്പാ വിതരണം ചെയ്യുന്നതിനാണ് വനിതാ വികസന കോർപ്പറേഷൻ ലക്ഷ്യം വയ്ക്കുന്നത്. ഇതിലൂടെ ഈ സാമ്പത്തിക വർഷം 75,000 വനിതകൾക്ക് തൊഴിലവസരങ്ങൾ നൽകാനാകും. മാത്രമല്ല ന്യൂനപക്ഷ വിഭാഗത്തിന് 175 കോടി രൂപ വായ്പാവിതരണം നടത്തുന്നതിലൂടെ 34,000 വനിതകൾക്ക് തൊഴിലവസരങ്ങൾ നൽകാനുമാകും. കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാളും 6000 ഓളം സ്ത്രീകൾക്ക് അധികമായി മിതമായ നിരക്കിൽ സ്വയം തൊഴിൽ വായ്പ ലഭ്യമാക്കാൻ ഇത് മുഖേന സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ദേശീയ ധനകാര്യ കോർപ്പറേഷനുകളിൽ നിന്നും വായ്പയെടുക്കുന്നതിലേക്ക് 2016 വരെ 140 കോടി രൂപയുടെ ഗ്യാരന്റി മാത്രമാണ് സ്ഥാപനത്തിനുണ്ടായിരുന്നത്. എന്നാൽ പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 980.56 കോടി രൂപയുടെ അധിക ഗ്യാരന്റിയാണ് കോർപ്പറേഷന് അനുവദിച്ചു നൽകിയത്. ഇപ്പോൾ 175 കോടിയുടെ സർക്കാർ ഗാരന്റി കൂടി നൽകിയതോടെ ആകെ 1295.56 കോടി രൂപയുടെ ഗ്യാരന്റിയാണ് കോർപറേഷനുള്ളത്. ഇത് കോർപ്പറേഷന്റെ പ്രവർത്തന മേഖലയിൽ നിർണായക മുന്നേറ്റമുണ്ടാക്കാൻ സഹായിക്കും. 2023 24 സാമ്പത്തിക വർഷത്തിൽ 36,105 വനിതകൾക്ക് 340 കോടി രൂപ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വിതരണം ചെയ്തു. സർക്കാരിൽ നിന്നും ലഭ്യമായ അധിക ഗ്യാരന്റി പ്രയോജനപ്പെടുത്തി ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് നാളിതുവരെ 1,12,000 ഓളം വരുന്ന തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സംസ്ഥാന വനിതാ വികസന കോർപ്പറേഷന് സാധിച്ചു. കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തിൽ ഇതുവരെ 22,580 വനിതകൾക്ക് 170 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു.

സംസ്ഥാന സർക്കാരിന്റെയും ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെയും സഹായത്തോടെ വിവിധ വിഭാഗങ്ങളിലുള്ള സ്ത്രീകൾക്ക് ലളിതമായ വ്യവസ്ഥകളിൽ കുറഞ്ഞ പലിശയ്ക്ക് സ്വയം സംരംഭക വായ്പകൾ കാലങ്ങളായി സ്ഥാപനം നൽകി വരുന്നു.സർക്കാരിന്റെ പദ്ധതി നടത്തിപ്പിലൂടെയും വായ്പാ വിതരണത്തിലൂടെയും ഈ സർക്കാർ ഭരണത്തിൽ വന്നശേഷം 10 ലക്ഷത്തോളം വനിതകൾക്ക് വിവിധ രീതിയിലുള്ള സേവനമെത്തിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്.

# ഡോ. മനോജ് എൻ എൻ എഫ് നാഷണൽ പ്രസിഡന്റ്



നാഷണൽ നിയോ നെറ്റോളജി ഫോറം (എൻ എൻ എഫ്)പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട എറണാകുളം ലക്ഷ്മി ആശുപത്രിയിലെ നിയോ നെറ്റോളജി ഡിപ്പാർട്ട്മെൻറ് മേധാവി ഡോ. മനോജ് വി സി.

# ഓർഡറുകളിൽ 35% വാർഷിക വളർച്ചയുമായി മീഷോ

**കൊച്ചി:** ഇകൊമേഴ്സ് പ്ലാറ്റ്ഫോമായ മീഷോയ്ക്ക് കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷം 35% ഓർഡറുകളിൽ വളർച്ച രേഖപ്പെടുത്തിയതായി കമ്പനി അധികൃതർ അറിയിച്ചു. ഫാഷൻ, ബ്യൂട്ടി, പേർസണൽ കെയർ, ഹോം എസൻഷ്യൽസ് വിഭാഗങ്ങളിലെ വിൽപ്പനയാണ് വളർച്ചയ്ക്ക് ആധാരം. 2024ൽ കമ്പനിക് 175 ദശലക്ഷം ട്രാൻസാക്റ്റിംഗ് യൂസേർസ് ഉണ്ടായിരുന്നു. ഇതിൽ 50 ശതമാനത്തോളം ഉപയോക്താക്കൾ ടയർ നാല് നഗരങ്ങളിൽ നിന്നുള്ളവരാണ്. 210 ദശലക്ഷം ഡൌൺലോഡുകളുമായി ഏറ്റവും അധികം ഡൌൺലോഡ് ചെയ്യപ്പെട്ട ഷോപ്പിംഗ് ആപ്പ് എന്ന സ്ഥാനം തുടർച്ചയായ നാലാം വർഷവും മീഷോ നിലനിർത്തി. 7615 കോടി രൂപയാണ് കമ്പനിയുടെ ആകെ വാർഷിക വരുമാനം.

# ഫിഷ് ടാക്സോണമിയിൽ സിഎംഎഫ്ആർഐയുടെ ഹ്രസ്വകാല കോഴ്സ്

**കൊച്ചി:** സമുദ്രജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ടാക്സോണമി പഠനത്തിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഹ്രസ്വകാല കോഴ്സ് നടത്തും. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐസിഎആർ) സഹായത്തോടെ സംഘടിപ്പിക്കുന്ന കോഴ്സ് ഫെബ്രുവരി 18 മുതൽ 28 വരെ സിഎംഎഫ്ആർഐയിൽ നടക്കും.സമുദ്രമത്സ്യ ഗവേഷണങ്ങൾക്ക് സഹായകരമാകുന്ന ടാക്സോണമി തത്വങ്ങളാണ് പരിശീലിപ്പിക്കുക. സമുദ്ര സമ്പത്ത് കൃത്യമായി വിശകലനം ചെയ്യുന്നതിനും ജീവജാലങ്ങളെ വേർതിരിച്ച് മനസ്സിലാക്കുന്നതിനും ഗവേഷകരെ പരിശീലിപ്പിക്കും. ഈ മേഖലയിലെ അറിവുകൾ ഗവേഷണത്തിൽ ഉപയോഗിക്കേണ്ട രീതികൾ പരിചയപ്പെടുത്തും. സമുദ്ര ആവാസവ്യവസ്ഥയുടെ സംരക്ഷണത്തിൽ നിർണായകമാണ് ടാക്സോണമി സംബന്ധമായ അറിവുകൾ. കോഴ്സിൽ ചേരുന്നതിന് ജനുവരി 22 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ് www.cmfri.org.in ഫോൺ 9446415736.

# ഐപിആർയു എഡ്ജ്: ഉത്പാദനക്ഷമതയിൽ 39 ശതമാനം വർധനവ്

**കോഴിക്കോട്:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ ഐപിആർയു എഡ്ജ് മൊബൈൽ ആപ്പ് ഉപയോഗിക്കുന്ന 98.1% ഏജന്റുമാർക്കും അതേ ദിവസം തന്നെ കമ്മീഷനുകൾ ലഭിക്കുന്നുണ്ടെന്ന് കമ്പനി അറിയിച്ചു. 2025 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ അഡ്വൈസർമാരുടെ ഉത്പാദനക്ഷമതയിൽ 37 ശതമാനം വർധനവിനും അവരുടെ ഉയർന്ന വരുമാനത്തിനും ഇത് സഹായകരമായി. 2025 സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിൽ, കമ്പനി അതിന്റെ ഏജൻസി ചാനലിൽ നിന്നുള്ള റീട്ടെയിൽ വെയ്റ്റഡ് പ്രീമിയത്തിൽ വർഷം തോറും 49% വർധനവാണ് രേഖപ്പെടുത്തിയത്. അഡ്മിനിസ്ട്രേറ്റീവ് പ്രവർത്തനങ്ങളേക്കാൾ പുതിയ ബിസിനസ് വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സഹായകരമായ വിധത്തിൽ ഏജന്റുമാർക്കുള്ള ഒരു ഓഫീസായാണ് മൊബൈൽ ആപ്പ് പ്രവർത്തിക്കുന്നത്. തത്സമയ കെവൈസി പ്രാമാണീകരണം സുഗമമാക്കുന്നതിനോടൊപ്പം, ഐപിആർയു എഡ്ജിലെ സാങ്കേതികവിദ്യ ഉപഭോക്താക്കൾക്ക് പേപ്പർലെസ് വാങ്ങൽ അനുഭവവും നൽകുന്നു. ചെറിയ പട്ടണങ്ങളിലും ഗ്രാമങ്ങളിലും പ്രവർത്തിക്കുന്ന ഏജന്റുമാർക്ക് വളരെ ഉപയോഗപ്രദമായ രീതിയിലാണ് ആപ്പിന്റെ പ്രവർത്തനം. ആപ്പ് ഉപയോഗിച്ച് അഡ്വൈസർമാർക്ക് പുതിയ ബിസിനസ് എളുപ്പത്തിൽ ലോഗിൻ ചെയ്യാൻ കഴിയും. തിരഞ്ഞെടുത്ത ഡിസ്ട്രിബ്യൂട്ടർമാർക്ക് അതേ ദിവസം കമ്മീഷൻ നൽകുന്ന ആദ്യത്തെ ലൈഫ് ഇൻഷുറർ ആണ് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫെന്ന് പ്രൊപ്രൈറ്ററി ചാനൽ ചീഫ് ഓഫ് സെയിൽസ് മണികണ്ഠൻ രാജാമണി പറഞ്ഞു.

# മെർമ്മെയ്ഡ് വേൾഡ് ആൻഡ് ജംഗിൾ എക്സ്പോ ഇന്നു മുതൽ കലൂർ സ്റ്റേഡിയത്തിൽ

**കൊച്ചി:** കാണികൾക്ക് അവിസ്മരണീയ വർണക്കാഴ്ചകളും വിസ്മയവും സൃഷ്ടിച്ച് മെർമ്മെയ്ഡ് വേൾഡ് ആൻഡ് ജംഗിൾ എക്സ്പോ കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ. ആമസോൺ കാടിനെ നേരിൽ കാണാത്തവർക്ക് മുമ്പിൽ ആമസോണിന്റെ മിനിയേച്ചർ പതിപ്പുതന്നെ നേരിൽ കാണാം. ഇന്ന്വൈകിട്ട് 6ന് ഇ.ഡി പ്രദർശനത്തിന് തിരിതെളിക്കും.ആയിരക്കണക്കിന് പക്ഷികളും വിവിധ തരം എക്സോട്ടിക് ആനിമൽസുംപ്രദർശനത്തിലുണ്ട്. കേരളീയ ഗ്രമങ്ങളുടെ സവിശേഷതകളിലൊന്നായിരുന്ന കാവുകളും നാഗത്താന്മാരെയും നേരിട്ട് കാണാനും എക്സ്പോയിൽ അവസരമുണ്ട്. നിരവധി സെൽഫി പോയിന്റുകൾ, ഫിഷ് സ്പാ, കുട്ടികൾക്കായി വെർചൽ റിയാലിറ്റി (വിആർ), കൂടാതെ മത്സ്യകന്യകമാരെയും സ്ക്യൂബ ഡൈവേഴ്സിനെയും നേരിട്ട് കാണാനുംു അവസരമുണ്ട്.ഇതൊടൊപ്പം ക്രിസ്മസ് പുതുവൽസര വിലക്കിഴിവുമായി നൂറിലധികം നൂറിലധികം കൺസ്യൂമർ സ്റ്റാളുകൾ, അറുപതുശതമാനം വരെ വിലക്കുറവിൽ ഫർണിച്ചറുകളും ഉൾപ്പെടെ കാണികൾക്കാവശ്യമായതെല്ലാം എക്സ്പോ പവലിയനിൽ ലഭ്യമാണ്. പ്രദർശനത്തിന് മിഴിവേകാൻ ദിവസേന വിവിധ കലാകാരന്മാരുടെ കലാപരിപാടികൾ അരങ്ങേറും. പ്രദർശന നഗരിയിലെത്തുന്നവരുടെ രുചി മുകുളങ്ങൾക്ക് നവ്യാനുഭവമൊരുക്കുന്ന വിശാലമായ ഫുഡ്കോർട്ടും എക്സ്പോക്കെത്തുന്നവർക്ക് വേറിട്ടൊരു അനുഭവം പ്രദാനം ചെയ്യും. പ്രവർത്തി ദിവസങ്ങളിൽ ഉച്ചയ്ക്ക് 2 മുതൽ രാത്രി 9 വരെയും അവധി ദിവസങ്ങളിൽ രാവിലെ 11 മുതൽ രാത്രി 9 വരെയുമാണ് പ്രദർശനം. പ്രവേശനം പാസുമൂലം.

ഇതോടനുബന്ധിച്ച് പ്രോഗ്രാം കോർഡിനേറ്റർ മുനീർ എം.പി, പ്രോഗ്രാം ഡയറക്ടർ സനൂപ് രാജു, മെർമ്മെയ്ഡ് കോർഡിനേറ്റർ ശ്യാം കുമാർ, മാർക്കറ്റിംഗ് മാനേജർ ഡോണ രാജു എന്നിവർ വാർത്താ സ

# കൊല്ലത്ത് ഓഷ്യനേറിയവും മറൈൻ ബയോളജിക്കൽ മ്യൂസിയവും : ധരണാപത്രം ഒപ്പിട്ടു

**തിരുവനന്തപുരം:** കൊല്ലത്ത് ഓഷ്യനേറിയവും മറൈൻ ബയോളജിക്കൽ മ്യൂസിയവും സ്ഥാപിക്കുന്ന പദ്ധതിക്കായി ധാരണാപത്രത്തിൽ ഒപ്പിട്ടു. ധനകാര്യ മന്ത്രി കെ എൻ ബാലഗോപാലിന്റെ സാന്നിധ്യത്തിൽ സംസ്ഥാന തീരദേശ വികസന കോർപറേഷൻ എംഡി ഷേയ്ക്ക് പരീത്, പദ്ധതിയുടെ ട്രാൻസാക്ഷൻ അഡ്വൈസറായി തെരഞ്ഞെടുക്കപ്പെട്ട ഏണസ്റ്റ് ആൻഡ് യങ്ങിന്റെ മാനേജിങ് പാർട്ണർ സത്യം ശിവം സുന്ദരം എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്.

ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി കെ എസ് ശ്രീനിവാസൻ, ഫഷറീസ് ഡയറക്ടർ അബ്ദുൾ നാസർ, തീരദേശ വികസന കോർപറേഷൻ എൻജിനിയർ ടി വി ബാലകൃഷ്ണൻ, ഏണസ്റ്റ് ആൻഡ് യങ് അസോസിയേറ്റ് വൈസ് പ്രസിഡന്റ് നമൻ മോഗ്ങ എന്നിവർ പങ്കെടുത്തു.മത്സ്യ ടൂറിസം രംഗത്ത് അന്താരാഷ്ട്ര തലത്തിൽ കേരളത്തിന്റെ അഭിമാനം ഉയർത്തിക്കാട്ടുന്നതിനും സമുദ്ര ശാസ്ത്ര ഗവേഷണവും ബോധവത്ക്കരണവും ലക്ഷ്യമിട്ടുള്ള സംസ്ഥാനത്തെ ആദ്യത്തെ ബൃഹത് സംരംഭമാണ് കൊല്ലത്ത് യാഥാർത്ഥ്യമാകുന്നത്. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ 300 കോടി രൂപയുടെ പദ്ധതിയാണ് നടപ്പാക്കുന്നത്. സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപയും അനുവദിച്ചിരുന്നു. സംസ്ഥാനത്തെ സമുദ്ര തീരത്തെയും സമൃദ്ധമായ സസ്യ ജൈവ ജാലത്തെയും ശാസ്ത്രീയവും സാംസ്കാരികവുമായ നിലയിൽ പ്രചരിപ്പിക്കുന്നതിനുള്ള വിപ്ലവകരമായ ചുവടുവയ്പായി പദ്ധതി മാറുമെന്ന് ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ വ്യക്തമാക്കി. സമുദ്ര ജൈവ വൈവിധ്യങ്ങളുടെ സംരക്ഷണം, അത് സംബന്ധിച്ച ശാസ്ത്രിയ പഠനങ്ങളുടെ പ്രോത്സാഹനം, പരിസ്ഥിതി സംരക്ഷണം, ടൂറിസം വികസനം, സാംസ്കാരിക പാരമ്പര്യ സംരക്ഷണം, പൊതുജന പങ്കാളിത്തം എന്നീ പ്രധാന മേഖലകളെ കേന്ദ്രീകരിച്ചായിരിക്കും പദ്ധതിയുടെ രൂപകൽപ്പന. ടൂറിസം പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തിന്റെ സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്തുക എന്നതും ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണെന്നും മന്ത്രി പറഞ്ഞു.

സമുദ്രത്തിന്റെ ജൈവ പൈതൃകത്തെ അതിന്റെ സങ്കീർണമായ ശാസ്ത്രീയ രഹസ്യങ്ങളെ വിശദീകരിക്കുകയും ചെയ്യുന്ന ഒരു വിദ്യാഭ്യാസാനുസൃത കേന്ദ്രമായും 'ഓഷ്യനേറിയം പ്രവർത്തിക്കും. മത്സ്യ പവിലിയനുകൾ, ടച്ച് ടാങ്കുകൾ, തീം ഗാലറികൾ, ടണൽ ഓഷ്യനേറിയം, ആംഫി തിയറ്റർ, സൊവിനിയർ ഷോപ്പുകൾ, മർട്ടി മീഡിയ തിയറ്റർ, മറൈൻ ബയോളജിക്കൽ ലാബ്, ഡിസ്പ്ലേ സോൺ, കഫറ്റേരിയ എന്നിവയൊക്കെയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിലൂടെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കൊപ്പം ഗവേഷകർക്കും പഠന കേന്ദ്രം തുറക്കപ്പെടും.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനാണ് പദ്ധതി നടത്തിപ്പിന്റെ നോഡൽ ഏജൻസി. പദ്ധതി നടപ്പാക്കുന്ന സ്ഥലത്തിന്റെ അനുയോജ്യത, വിശദമായ മാതൃകാ പഠനം, വിശദ പദ്ധതി രേഖ തയ്യാറാക്കൽ, കൺസഷനറെ തെരഞ്ഞെടുക്കൽ, പദ്ധതി പൂർത്തീകരണം വരെയുള്ള സാങ്കേതിക സഹായം എന്നീ ചുമതലകൾക്കായാണ് ട്രാൻസാക്ഷൻ അഡ്വൈസറായി ഏണസ്റ്റ് ആൻഡ് യങ് പ്രവർത്തിക്കുക. മത്സാധിഷ്ഠിത ടെണ്ടറിലൂടെയായിരുന്നു തെരഞ്ഞെടുപ്പ്. നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് എത്രയും പെട്ടെന്ന് പദ്ധതി നിർവഹണ പ്രവർത്തനങ്ങളിലേക്ക് കടക്കുകയാണ് ലക്ഷ്യം.

# പരിസ്ഥിതി അവബോധ കലാപ്രദർശനം പ്ലാൻ അറ്റ് ആർട്ട് ഇന്ന് മുതൽ

**കൊച്ചി:** കായലിലൂടെയും കടലിലൂടെയും ഫോർട്ടുകൊച്ചി ബീച്ചിൽ വന്നടിയുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങളാൽ നിർമ്മിച്ച കലാസൃഷ്ടികളുടെ പ്രദർശനം 'പ്ലാൻ അറ്റ് ആർട്' ഇന്ന് മുതൽ ഫോർട്ടുകൊച്ചി ജയിൽ ഓഫ് ഫ്രീഡം സ്ട്രഗിൾ കെട്ടിടത്തിൽ ആരംഭിക്കുന്നു. രാവിലെ 11ന് കെ.ജെ. മാക്സി എം.എൽ.എ പ്രദർശനം ഉദ്ഘാടനംചെയ്യും.

സന്നദ്ധ സംഘടനയായ പ്ലാൻ അറ്റ് എർത്തും എച്ച് സി എൽ ഫൗണ്ടേഷന് കീഴിലുള്ള എച്ച് സി എൽടെക്ക് ഗ്രാന്റും സംയുക്തമായാണ് പ്രദർശനം സംഘടിപ്പിക്കുന്നത്. കൊച്ചിൻ ഹെരിറ്റേജ് സോൺ കൺസെർവേഷൻ സൊസൈറ്റിയും കൊച്ചിൻ കാർണിവലും പ്രദർശനവുമായി സഹകരിക്കുന്നു.ലോക പ്രശസ്ത കലാകാരൻ വിൻസെന്റ് വാൻഗോഗിന്റെ ചിത്രങ്ങളുടെ അനുകരണങ്ങൾ ഉൾപ്പെടെയുള്ള 15 ഓളം കലാസൃഷ്ടികളും പ്ലാസ്റ്റിക്ക് മാലിന്യങ്ങളാൽ നിർമ്മിച്ച ബാസ്ക്കറ്റുകളും കുട്ടകളും പ്രദർശനത്തിന്റെ ഭാഗമാണ്.

ഡിസംബർ 30 വരെ രാവിലെ 10 മുതൽ രാത്രി എട്ട് മണിവരെ നടക്കുന്ന പ്രദർശനത്തിലേക്കുള്ള പ്രവേശനം സൗജന്യം. പ്ലാൻ അറ്റ് എർത്തിലെ ഡിസൈനിങ്ങ് ടീമാണ് കലാനിർമാണങ്ങൾ പൂർത്തിയാക്കിയത്. എച്ച് സി എൽ ഫൗണ്ടേഷൻ മികച്ച സന്നദ്ധ സംഘടനകൾക്ക് നൽകുന്ന ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കുന്ന ഡ്രോപ്പ് പദ്ധതിയുടെ ഭാഗമായാണ് പ്ലാൻ അറ്റ് എർത്ത് കടലിൽ അടിഞ്ഞു കൂടിയ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നത്. ഫോർട്ടുകൊച്ചി കൂടാതെ മുനമ്പം ഫിഷിങ്ങ് ഹാർബറിലെ 12500 മത്സ്യ തൊഴിലാളികളുടെ സഹകരണത്തോടെ ദിനം പ്രതി കടലിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. പ്രതിമാസം 6000 7000 കിലോഗ്രം പ്ലാസ്റ്റിക്ക് ഇത്തരത്തിൽ കടലിൽ നിന്നും ശേഖരിക്കുന്നുണ്ട്. ഇതിന് പുറമെ കടൽതീരത്ത് നിന്നും പ്ലാസ്റ്റിക്ക് ശേഖരിക്കുന്നുണ്ട്. 2 മാസം കൊണ്ട് ഫോർട്ട് കൊച്ചി ബീച്ചിൽനിന്നും മാത്രമായി 10 ടൺ പ്ലാസ്റ്റിക്ക് ശേഖരിക്കുകയുണ്ടായി. ഇങ്ങനെ ശേഖരിച്ച വലയുടെ അവശിഷ്ടങ്ങളും മറ്റ് പ്ലാസ്റ്റിക്ക് മാലിന്യങ്ങളും ചേർത്താണ് കലാ പ്രദർശനം ഒരുക്കിയിരിക്കുന്നത്.പരിസ്ഥിതി അവബോധമാണ് പ്രദർശനത്തിന്റെ ലക്ഷ്യമെന്ന് പ്ലാൻ അറ്റ് എർത്ത് ഫൗണ്ടർ സെക്രട്ടറി സൂരജ് എബ്രഹാം പറഞ്ഞു.

# ആഗോളവിപണിയിലെ പ്രതിസന്ധികൾ ഇന്ത്യയെ ബാധിക്കില്ലെന്ന് നിസാൻ

## 2026ഓടെ ഇന്ത്യയിൽ ഒരു ലക്ഷത്തിലേറെ കാറുകൾ പ്രതിവർഷം വിൽക്കാനാണ് ലക്ഷ്യമിടുന്നത്

**കൊച്ചി :** ആഗോളവിപണിയിലെ ഏറ്റക്കുറച്ചിലുകൾക്കിടയിലും ഇന്ത്യയിലെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുമെന്ന് നിസാൻ പ്രഖ്യാപിച്ചു. ആഗോളതലത്തിൽ വാഹനനിർമാണം 20% വരെ കുറയ്ക്കാനുള്ള തീരുമാനമെടുത്തതിന്റെ പശ്ചാത്തലത്തിലാണ് ഇന്ത്യൻ വിപണിയെ ഇപ്പോഴും പ്രതീക്ഷയോടെ തന്നെയാണ് കാണുന്നതെന്ന് കമ്പനി വ്യക്തമാക്കുന്നത്. തമിഴ്നാട്ടിൽ 2,000 തൊഴിലവസരങ്ങൾ കൂടി ഉടൻ സൃഷ്ടിക്കുമെന്നും കമ്പനി വൃത്തങ്ങൾ സൂചിപ്പിച്ചു.അടുത്തിടെ വിവിധ രാജ്യങ്ങളിലായി ഒമ്പതിനായിരത്തോളം ജീവനക്കാരെ കമ്പനി പിരിച്ചുവിടുമെന്ന വാർത്തകളും പുറത്തുവന്നിരുന്നു. എന്നാൽ ഇക്കാലയളവിൽ കമ്പനിയുടെ ചെന്നൈയിലെ പ്ലാന്റിൽ 600 ജീവനക്കാരെ അധികമായി നിയമിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് നിസാൻ ഇന്ത്യയുടെ ഓപ്പറേഷൻസ് പ്രസിഡന്റ് ഫ്രാങ്ക് ടോറസ് വ്യക്തമാക്കി. റെനോൾട്ട്നിസാൻ സഖ്യം നേരത്തെ പ്രഖ്യാപിച്ച 600 മില്യൺ യു.എസ്. ഡോളറിന്റെ നിക്ഷേപത്തിന്റെ ഭാഗമായാണ് ഇപ്പോഴത്തെ നീക്കങ്ങളെല്ലാം. ചെന്നൈയിലെ നിർമാണകേന്ദ്രത്തിൽ ഇലക്ട്രിക് വാഹനങ്ങൾ നിർമിക്കുന്നതിനുൾപ്പെടെയുള്ള കൂടുതൽ സാങ്കേതിക സൗകര്യങ്ങൾ സ്ഥാപിക്കും. അധികം വൈകാതെ നിസാൻ ഒരു ഇലക്ട്രിക് എസ്.യു.വി പുറത്തിറക്കുമെന്ന അഭ്യൂഹങ്ങളും കമ്പനി ശരിവെച്ചു.ഇന്ത്യയിൽ ഉടൻ തന്നെ അഞ്ച് പുതിയ കാറുകൾ കൂടി അവതരിപ്പിക്കുമെന്നും കമ്പനി പ്രഖ്യാപിച്ചിട്ടുണ്ട്. 2026ഓടെ ഇന്ത്യയിൽ ഒരു ലക്ഷത്തിലേറെ കാറുകൾ പ്രതിവർഷം വിൽക്കാനാണ് ലക്ഷ്യമിടുന്നത്. കോംപാക്ട് എസ്.യു.വി ശ്രേണിയിലുള്ള നിസാന്റെ മാഗ്നൈറ്റ് എന്ന മോഡലിന്റെ പുതിയ പതിപ്പിന് മികച്ച പ്രതികരണമാണ് വിപണിയിൽ ലഭിക്കുന്നത്. ഇതിന്റെ പിൻബലത്തിൽ 202425 സാമ്പത്തികവർഷത്തിൽ 45% വിൽപന വളർച്ചയാണ് കമ്പനി പ്രതീക്ഷിക്കുന്നത്. 2023ൽ 14 രാജ്യങ്ങളിലേക്കാണ് നിസാൻ ഇന്ത്യയിൽ നിന്നും കാറുകൾ കയറ്റിയയച്ചിരുന്നത്. അത് 65 രാജ്യങ്ങളിലേക്ക് വികസിപ്പിച്ചതും ഇന്ത്യയിൽ കമ്പനിക്ക് നേട്ടമാകുമെന്ന് കരുതുന്നു

# കോൺകോർഡ് എൻവിറോ സിസ്റ്റംസ് ഐപിഒ 19 മുതൽ

**കൊച്ചി:** കോൺകോർഡ് എൻവിറോ സിസ്റ്റംസ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ഡിസംബർ 19 മുതൽ 23 വരെ നടക്കും. 175 കോടി രൂപയുടെ പുതിയ ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 4,186,368 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 5 രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 665 രൂപ മുതൽ 701 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 21 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 21ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ്, ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഡിഎഎം ക്യാപിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ് ഐപിഒ 19 മുതൽ

**കൊച്ചി:** ഡിഎഎം ക്യാപിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) ഡിസംബർ 19 മുതൽ 23 വരെ നടക്കും. 2,96,90,900 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 269 രൂപ മുതൽ 283 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 53 ഇക്വിറ്റി ഓഹരികൾക്കും തുടര്ന്ന് 53 ൻറെ ഗുണിതങ്ങള്ക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.നുവാമ വെൽത്ത് മാനേജ്മെൻറ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

# ജോയ്ആലുക്കാസ് എൻആർഐ ഗോൾഡ് ഫെസ്റ്റിന് തുടക്കമായി

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസ് എൻആർഐ ഗോൾഡ് ഫെസ്റ്റിന് തുടക്കമിട്ടു. പഴയ സ്വർണ്ണം മാറ്റിയെടുക്കുമ്പോൾ ഗ്രാമിന് 50 രൂപ അധികം ലഭിക്കുന്നതോടൊപ്പം ഡയമണ്ട് ആഭരണങ്ങൾക്ക് പണിക്കൂലിയിൽ 25% വിലക്കുറവും, കല്ലുകളുടെ വിലയിൽ 25% ഇളവും ഈ ഫെസ്റ്റിന്റെ ഭാഗമായി ലഭ്യമാകും. ജനുവരി 5 വരെ തുടരുന്ന ഈ ഫെസ്റ്റ്, കുടുംബസംഗമങ്ങൾക്കായും ആഘോഷങ്ങൾക്കായും ഇന്ത്യയിൽ എത്തുന്ന എൻആർഐകൾക്കായി ഒരുക്കിയ മികച്ച അവസരം കൂടിയാണ്. 'എൻആർഐ ഗോൾഡ് ഫെസ്റ്റ് വഴി ഉപഭോക്താക്കൾക്ക് ആഭരണങ്ങൾ സ്വന്തമാക്കാനുള്ള അപൂർവ്വമായ അവസരമാണ് ഞങ്ങൾ ഒരുക്കുന്നത്' എന്ന് ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ജോയ് അലുക്കാസ് പറഞ്ഞു. ഈ ക്രിസ്തുമസ് പുതുവർഷ വേളയിൽ ആധുനിക ഡിസൈനുകൾ സ്വന്തമാക്കാനുള്ള സുവർണ്ണാവസരമാണ് ഈ ഫെസ്റ്റിലൂടെ സാധ്യമാകുന്നത്. ജോയാലുക്കാസിന്റെ വിശാലമായ ആഭരണ ശേഖരം എല്ലാ അഭിരുചിക്കും അനുസരിച്ചുള്ളവർക്ക് അനുയോജ്യമാണ്. ജോയാലുക്കാസിന്റെ എല്ലാ ഷോറൂമുകളിലും എൻആർഐ ഗോൾഡ് ഫെസ്റ്റിന്റെ ആനുകൂല്യങ്ങൾ ലഭ്യമാകും.

# ട്രാൻസ്റെയ്ൽ ലൈറ്റിംഗ് ലിമിറ്റഡ് ഐപിഒ ഡിസംബർ 19 മുതൽ

**കൊച്ചി:** ട്രാൻസ്റെയ്ൽ ലൈറ്റിംഗ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ഡിസംബർ 19 മുതൽ 23 വരെ നടക്കും.

400 കോടി രൂപയുടെ പുതിയ ഓഹരികളും പ്രമോട്ടർറുടെ 10,160,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 410 രൂപ മുതൽ 432 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 34 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 34ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.

ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ഇംഗ വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ്, ഐഡിബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ആൻഡ് സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.


LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 · 15 YEAR GUARANTEE · 100% GUARANTEED · ISO 9001 CERTIFIED · LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663


RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com